
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2015 ഫെബ്രുവരി
വില ₹15






# മലാലയുടെ കഥ

രചന കെ എം ലെനിൻ

ചിത്രീകരണം ബാബുരാജൻ

**വായനാപ്രേമികൾക്കായി ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതുസമ്മാനം. നോബൽ സമ്മാനജേതാവായ മലാലയുടെ കഥ കുട്ടികൾക്കായി പുറത്തിറക്കിയിരിക്കുന്നു.**

● പേജുകൾ 200 ● വലിപ്പം ഡിമൈ 1/8 ● വില 140രൂപ

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**ഫെബ്രുവരി 2015**
**വില ₹15**
**വാർഷികവരിസംഖ്യ ₹160**

# തളിര്

## ഉള്ളടക്കം

## ആകാശത്തു നിന്ന് ഹൃദയത്തിലേക്ക് 6

**ഡി പ്രദീപ് കുമാർ**


ആകാശവാണിയുടെ ചരിത്രവും റേഡിയോയുടെ ഭാവിയും – ഒരന്വേഷണം.



## കണക്കിനു ട്യൂഷൻ 12

**കെ എൽ മോഹനവർമ്മ**

ഈ കാൽക്കുലേറ്ററും കണക്കിന്റെ സോഫ്റ്റ്‌വെയറും ഇഷ്ടം പോലെ ചീപ്പായിട്ടു കിട്ടുമ്പോൾ വെറുതെ എന്തിനാ ഈ മാത്സ് ട്യൂഷനു വേണ്ടി ടൈമും രൂപയും കളയുന്നത്. ഞാൻ വലുതാകട്ടെ എന്നിട്ടുവേണം ഈ എഡ്യുക്കേഷൻ സിസ്റ്റം ഒന്നു ശരിയാക്കാൻ!!



## കടലിലെ കടുവകൾ 24

**മനോജ് പി**

നമ്മുടെ മനസ്സിൽ ഭീതി നിറയ്ക്കുന്ന, കൂർത്ത പല്ലുകളുള്ള ഭീമാകാരൻ സ്രാവുകളുടെ ലോകത്തേക്ക് ഒരു സഞ്ചാരം.

**മുന്നുര** ....4
**ആനക്കാര്യം** ....5
രാജീവ് എൻ ടി
**നെല്ലും പതിരും**....15
ഡോ. നെടുമുടി ഹരികുമാർ
**വരുന്നൂ ലോകകപ്പ് ക്രിക്കറ്റ്**....16
മോഹൻദാസ് അമ്പാട്ട്
**ജാതകകഥ**....20
വെങ്കി
**കവിതാപരിചയം**....23
ചങ്ങമ്പുഴ കൃഷ്ണപിള്ള
**ഒഴിഞ്ഞ പൂച്ചട്ടി**....31
സന്ധ്യ
**മല്ലയുദ്ധം**....33
കാപ്പിൽ ഗോപിനാഥൻ
**ആരോഗ്യം**....34
ഡോ. ബി പത്മകുമാർ
**കല്ലുകൊണ്ടൊരു പായസം**....37
സുബൈദ
**സിനിമാപരിചയം**....38
വിനു എ
**സ്കൂൾ ഡെയ്സ്**....41
രാജീവ് എൻ ടി
**കെട്ടിപ്പിടിക്കും കസേര**....42
പ്രൊഫ. എസ് ശിവദാസ്
**അനുഭവം**....44
**കാറ്റും കിളിയും പറഞ്ഞത്**....45
മുഹമ്മ ശശിധരപ്പണിക്കർ
**മഹാഭാരതം**....46
സുഗതകുമാരി
**ഇളംതളിര്**....48
**ഉണ്ടാക്കാം** ....50
**അക്ഷരചിത്രം**....51
ഭരണിക്കാവ് കൃഷ്ണൻ

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ കെ സി ജോസഫ്**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)
ചീഫ് എഡിറ്റർ
**സുഗതകുമാരി**
എഡിറ്റർ
**ഡോ. നെടുമുടി ഹരികുമാർ**
പത്രാധിപസമിതി
**എം ചന്ദ്രപ്രകാശ്**
**ഇ വി നാരായണൻ**
**ഭരണിക്കാവ് കൃഷ്ണൻ**
**ഷൈബിൻ**
**വി കെ രവീന്ദ്രൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**
ആർട്ട്
**അരുണ ആലഞ്ചേരി**
ലേ ഔട്ട്
**വിഷ്ണു പി എസ്**
കവർ
**വെങ്കി**
പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
**e-mail : thaliru@ksicl.org, director@ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**

# പണ്ടത്തെ ഒരു നാടൻ ഊണ്





വര: ബാബുരാജൻ

കുട്ടിക്കാലത്ത് ആറന്മുളയെന്ന ഗ്രാമത്തിലേക്ക് അവധി ആഘോഷിക്കാൻ പോകുന്നത് ഒരാഹ്ലാദമായിരുന്നു. കളിക്കാൻ കൂട്ടുകാർ, കുളിക്കാൻ സ്വച്ഛസുന്ദരമായ പമ്പയാർ, ലാളിക്കാനും ഊട്ടാനും അമ്മൂമ്മമാർ, പേടിയാക്കാൻ ഇരുണ്ട സർപ്പക്കാവും കൂറ്റനൊരു കരിമ്പനയും -രക്ഷിക്കാൻ പ്രസന്നമുഖനായ തിരുവാറന്മുളയപ്പൻ- ഇതിനപ്പുറം എന്തുവേണം കുട്ടികളായ ഞങ്ങൾക്ക്!

നാട്ടിൻപുറക്കാഴ്ചകളൊക്കെ ഇനിയൊരിക്കൽ വിസ്തരിച്ചുപറയാം. ഇത്തവണ ഒരു നാടൻ ഊണിനെപ്പറ്റിയാവട്ടെ. പാടത്തും പറമ്പിലുമൊക്കെ വെയിലുകൊണ്ടു കളിച്ചു തിമർത്ത് ഉച്ചയാകുമ്പോൾ അമ്മമാരിലൊരാൾ വന്നുവിളിക്കും. 'മതി മതി, കാലും മുഖവും കഴുകി ഉണ്ണാൻ വരിൻ.'


കിണറ്റുകരയിൽ ചെന്നു കുളിർത്ത വെള്ളത്തിൽ കാലും മുഖവുമൊക്കെ കഴുകിയെത്തുമ്പോൾ അടുക്കളപ്പുരയിൽ പലകകൾ നിരത്തിയിട്ടിട്ടുണ്ടാവും. ചെന്ന് ഇരിപ്പുപിടിക്കുമ്പോൾ പച്ചിച്ചുമിനുത്ത തൂശനിലകൾ മുമ്പിൽ നിരത്തും. വീട്ടിൽ പുഴുങ്ങിക്കുത്തിയ നെല്ലരിച്ചോറിന്റെ മണം അറയിൽ നിറയും. പൊന്നുപോലെ തിളങ്ങുന്ന ഓട്ടുകോരികയിലാണു ചോറു കൊണ്ടുവന്നു വിളമ്പുന്നത്. ആ കോരികയും തവിയുമെല്ലാം സാക്ഷാൽ പൊന്നുതന്നെയാണെന്ന് ഞാൻ കുറെക്കാലം ധരിച്ചിരുന്നു. ചൂടു ചോറിടുമ്പോൾ പച്ചവാഴയിലയിൽ നിന്നും ഒരു പ്രത്യേക മണം പൊങ്ങും. പിന്നെ ചോറിലൊരു കുഴികുഴിക്കാൻ അമ്മച്ചിയമ്മ പറയും. അതിനുള്ളിലേക്ക് പൊന്നിന്റെ തന്നെ നിറമുള്ള നെയ്യ് പ്ലാവിലക്കുമ്പിളിൽ കോരി ഒഴിച്ചുതരും. ഹാ! അതിനുമുണ്ടൊരു രസികൻ മണം! അടുക്കളമുറ്റത്തെ എരിത്തിലിൽ കാളി, നന്ദിനി, നീലി

എന്നൊക്കെ പേരിട്ടു വിളിക്കുന്ന രണ്ടുമൂന്നു പശുക്കളുണ്ട്. രാവിലെ കറവകഴിഞ്ഞ് നിറയെ കാടിവെള്ളം കൊടുത്ത് അവരെ അഴിച്ചു വിടുന്നതു കാണാം. അടുത്തുള്ള മലകളിൽ മേയാൻ പോവുകയാണവർ. വൈകുന്നേരം താടയാട്ടിക്കൊണ്ട് ശാന്തമായ കണ്ണുകളോടെ അവർ സ്വന്തം ആലയിലേക്കു മടങ്ങുന്നതു കാണാൻ ഞങ്ങൾ, പട്ടണത്തിൽ നിന്നു വരുന്ന കുട്ടികൾക്ക്, വലിയ ഇഷ്ടമായിരുന്നു. അവരുടെ പാൽ ഉറയൊഴിച്ച് തൈരു കടഞ്ഞെടുത്ത വെണ്ണ, മഞ്ഞളിട്ട് ഉരുക്കിയ നെയ്യാണത്. ആ രുചി പിന്നീടൊരു അമൂൽ നെയ്യിനും ഞാനറിഞ്ഞിട്ടില്ല.

പറഞ്ഞുവന്നതു തുടരട്ടെ. നെയ്യൊഴിച്ച് കുഴച്ച ചോറ് ഉരുളയാക്കുമ്പോഴേക്ക് കൂട്ടാനുകൾ വിളമ്പിക്കഴിഞ്ഞു. വേലിക്കലെ മുരിങ്ങയിൽ നിന്നു പറിച്ച കുറച്ച് ഇലയും കൊഴിഞ്ഞുകിടന്നപോലെ വീണുകിടക്കുന്ന മുരിങ്ങപ്പൂക്കളും ഇളംമുരിങ്ങക്കായും പച്ചത്തേങ്ങയും പച്ചമുളകും ചതച്ചിട്ടൊരു തോരൻ, വാഴയ്ക്കയോ, വഴുതനങ്ങയോ കൊണ്ടൊരു മെഴുക്കുപിരട്ടി, ഒരു കണ്ണിമാങ്ങ, ഒരു പപ്പടം ചുട്ടത്. ഒടുവിൽ ഒഴിക്കാൻ തെളിഞ്ഞ മോരും. ഇത്രമാത്രം! ഇന്നത്തെ കുട്ടികൾക്കു പിടിക്കുമോ ഇങ്ങനെയൊരൂണ്. എങ്കിലും ഞങ്ങൾക്ക് അമൃതേത്തായിരുന്നു അമ്മമാർ കൈകൊണ്ടു വച്ചുവിളമ്പുന്ന ആ വിശിഷ്ടഭോജ്യങ്ങൾ. ഊണുകഴിയുമ്പോൾ ഒരിത്തിരി മധുരം കൈയിൽ വെച്ചുതരും. ഒരു തുണ്ടു കൽക്കണ്ടം അല്ലെങ്കിൽ ഒരു പ്ലാവിലക്കുമ്പിളിൽ പതിയൻ ശർക്കര (അലിഞ്ഞ തരിതരിപോലുള്ള പ്രത്യേകതരം ശർക്കര). ചിലപ്പോൾ മൂന്നാലുചുള വരിക്കച്ചക്കപ്പഴം. സ്വർഗമായിരുന്നു ഞങ്ങൾക്ക് അക്കാലം! വലിയമ്മാവന് കഴിക്കാൻ വലിയ ഓട്ടുകിണ്ണമുണ്ട്. പൊന്നുപോലെ തിളങ്ങുന്ന അതും പൊന്നാണെന്നു ഞാൻ വിശ്വസിച്ചിരുന്നു.

കരിമ്പനയിൽ നിറയെ തൂക്കണാംകുരുവിക്കൂടുകൾ, പ്രാവുകൾ. സർപ്പക്കാവിനെപ്പറ്റി ഇനിയൊരിക്കൽ പറയാം.

സ്നേഹത്തോടെ
**സുഗതകുമാരി**



# ആകാശത്തു നിന്ന് ഹൃദയത്തിലേക്ക്

ഡി പ്രദീപ് കുമാർ

**ഇന്ത്യയുടെ ചരിത്രത്തിൽ പ്രധാനപ്പെട്ട പങ്കു വഹിച്ച ഒരു സ്ഥാപനമാണ് ആകാശവാണി. സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുൻപുതന്നെ റേഡിയോ നിലയങ്ങൾ ഇന്ത്യയിൽ സ്ഥാപിക്കപ്പെട്ടിരുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യൻ ബ്രോഡ്കാസ്റ്റിങ് സർവീസ് എന്ന പേരിൽ തുടങ്ങിയ സ്ഥാപനം ആകാശവാണിയായതിന്റെ ചരിത്രം ഏറെ രസകരമാണ്. ആകാശവാണിയുടെ ചരിത്രവും റേഡിയോപ്രക്ഷേപണ സങ്കേതങ്ങളിൽ വന്ന ആധുനികമാറ്റങ്ങളുടെ കഥയുമാണ് ഈ ലേഖനം.**





ആകാശവാണി എന്നാൽ ആകാശത്തു നിന്നുള്ള ശബ്ദം അഥവാ അശരീരി. ജനലക്ഷങ്ങളുടെ ഹൃദയങ്ങളിലേക്കു നേരെയെത്തുന്ന ശബ്ദം. ഇന്ത്യാക്കാർ ഈ അശരീരി ആദ്യം കേട്ടത് 1923 ജൂണിലായിരുന്നു. റേഡിയോ പ്രക്ഷേപണത്തിൽ കൗതുകംമൂത്ത ഒരു പറ്റം ആളുകൾ ചേർന്ന് ബോംബെയിൽ സ്ഥാപിച്ച റേഡിയോ ക്ലബ്ബായിരുന്നു ആദ്യത്തെ റേഡിയോപ്രക്ഷേപണത്തിനു വഴിയൊരുക്കിയത്. ഏതാനും കിലോമീറ്ററുകൾ മാത്രമായിരുന്നു പ്രക്ഷേപണപരിധി. എന്തായാലും തുടക്കം മോശമായില്ല. അക്കൊല്ലം നവംബറിൽത്തന്നെ കൽക്കത്തയിലും റേഡിയോപ്രക്ഷേപണം തുടങ്ങി. അടുത്തവർഷം ജൂലൈ 31 ന് മദ്രാസ് പ്രസിഡൻസി റേഡിയോ ക്ലബ്ബും റേഡിയോപ്രക്ഷേപണം തുടങ്ങി.

1927 ജൂലൈ 23 ന് ഇന്ത്യൻ ബ്രോഡ്കാസ്റ്റിങ് കമ്പനി (ഐ ബി സി) നിലവിൽ വന്നു. അതോടെ റേഡിയോ പ്രക്ഷേപണത്തിന് ഒരു ഔദ്യോഗിക രൂപം കൈവന്നു. അതിന്റെ കീഴിൽ ബോംബെയിലാരംഭിച്ച റേഡിയോ നിലയം ഉദ്ഘാടനം ചെയ്തത് വൈസ്രോയി ലോർഡ് ഇർവിനായിരുന്നു. ആ വർഷം ആഗസ്റ്റ് 26 ന് കൽക്കത്തയിലും സർക്കാർ റേഡിയോ നിലയം തുടങ്ങി. പക്ഷേ, ഇതു രണ്ടും അധികകാലം നീണ്ടുനിന്നില്ല. 1930 മാർച്ച് 1 ന് ഐ ബി സി നിർത്തലാക്കപ്പെട്ടു. തുടർന്ന് അക്കൊല്ലം ഏപ്രിൽ 1 ന് *ഇന്ത്യൻ സ്റ്റേറ്റ് ബ്രോഡ്കാസ്റ്റിങ് സർവീസ്* നിലവിൽ വന്നു. തൊഴിൽ–വ്യവസായ വകുപ്പിന്റെ കീഴിലായിരുന്നു അത്. ലയണൽ ഫീൽഡൺ ആദ്യത്തെ കൺട്രോളർ ഓഫ് ബ്രോഡ്കാസ്റ്റിങ്ങായി ചുമതലയേറ്റു. അങ്ങനെ, ഇന്ത്യയിൽ റേഡിയോപ്രക്ഷേപണം വ്യാപകമാകാൻ തുടങ്ങി.

## ആകാശവാണി വരുന്നു

'ആകാശവാണി' എന്ന പദം റേഡിയോപ്രക്ഷേപണത്തിൽ ആദ്യം ഉപയോഗിച്ചത് മൈസൂരിലായിരുന്നു. തന്റെ വസതിയായ വിത്തൽ വിഹാറിൽ 1935 സെപ്തംബർ 30 ന് മൈസൂർ മഹാരാജാസ് കോളജ് പ്രിൻസിപ്പലും സൈക്കോളജി പ്രൊഫസറുമായിരുന്ന ഡോ എം വി ഗോപാലസ്വാമി സ്ഥാപിച്ച സ്വകാര്യ

റേഡിയോനിലയത്തിൽ നിന്നാണ് 'ആകാശവാണി' എന്ന പേരിന്റെ തുടക്കം. ഫിലിപ്സിന്റെ ഒരു മിനി ട്രാൻസ്മിറ്റർ അഥവാ പ്രക്ഷേപിണി ഉപയോഗിച്ച് ദിവസവും ഒരു മണിക്കൂർ ഷോർട്ട്‌വേവിലൂടെ വിദ്യാഭ്യാസപരിപാടികൾ അദ്ദേഹം പ്രക്ഷേപണം ചെയ്തു. ആറു വർഷം ആ റേഡിയോനിലയം അദ്ദേഹം ഒറ്റയ്ക്കു തന്നെ നടത്തി. പിന്നീട് അത് മൈസൂർ മുൻസിപ്പാലിറ്റിക്കു കൈമാറുകയായിരുന്നു. 1942 ജനുവരി 1 ന് മൈസൂർ മഹാരാജാവ് റേഡിയോനിലയം ഏറ്റെടുത്തു. ഗോപാലസ്വാമിയുടെ സഹപ്രവർത്തകനായ പ്രൊഫ. എൻ കസ്തൂരി റേഡിയോ നിലയത്തിന്റെ ചീഫ് എക്സിക്യൂട്ടീവായി ചുമതലയേറ്റു. കുറച്ചു കാലത്തേക്ക് ഡോ ഗോപാലസ്വാമി ഡയറക്ടറായി തുടർന്നു.

ഇക്കാലത്താണ് റേഡിയോനിലയത്തിന് അനുയോജ്യമായൊരു പേര് വേണമെന്ന നിർദ്ദേശം ഉയരുന്നത്. 'ആകാശവാണി' എന്ന പേര് കണ്ടെത്തിയത് ആരാണെന്നത് ഇപ്പോഴും തർക്കവിഷയമാണ്. എന്തായാലും എൻ കസ്തൂരിയുടെ കാലത്താണ് മൈസൂർ റേഡിയോനിലയം 'ആകാശവാണി' എന്ന് അറിയപ്പെട്ടു തുടങ്ങിയത്.

മഹാകവി രവീന്ദ്രനാഥ ടാഗോർ ഇക്കാലത്ത് 'ആകാശവാണി' എന്ന പേരിൽ ഒരു കവിത എഴുതിയിരുന്നു. അതിനാൽ 'ആകാശവാണി' എന്ന പേര് അദ്ദേഹത്തിന്റെ സംഭാവനയാണെന്നു വാദിക്കുന്നവരുമുണ്ട്.

1936 ജൂൺ 8 ന് ഇന്ത്യൻ സ്റ്റേറ്റ് ബ്രോഡ്കാസ്റ്റിങ് സർവീസ്, *ആൾ ഇന്ത്യ റേഡിയോ* ആയി മാറി. സ്വാതന്ത്ര്യലബ്ധിക്കു ശേഷം 1956 ലാണ് ആൾ ഇന്ത്യ റേഡിയോ 'ആകാശവാണി'യാകുന്നത്.

സ്വാതന്ത്ര്യം കിട്ടുന്ന സമയത്ത് ആൾ ഇന്ത്യ റേഡിയോയുടെ കീഴിൽ ഇന്ത്യയിൽ ആറും പാകിസ്ഥാനിൽ മൂന്നും റേഡിയോ നിലയങ്ങളാണുണ്ടായിരുന്നത്. ഡൽഹി, ബോംബെ, കൽക്കത്ത, മദ്രാസ്, തിരുച്ചിറപ്പള്ളി, ലക്നൗ എന്നിവിടങ്ങളിലായിരുന്നു ഇന്ത്യയിലെ നിലയങ്ങൾ. എന്നാൽ നാട്ടുരാജ്യങ്ങളുടെ കീഴിൽ തിരുവനന്തപുരത്തുൾപ്പടെ ചില ചെറുനിലയങ്ങളും പ്രവർത്തിച്ചിരുന്നു.

പിന്നീട് ആകാശവാണിയുടെ വളർച്ച




റേഡിയോ നിലയത്തിലെ സ്റ്റുഡിയോ



അത്ഭുതാവഹമായിരുന്നു. ഇന്ന് ഇന്ത്യയിലെമ്പാടുമായി ആകാശവാണിക്ക് 414 നിലയങ്ങളുണ്ട്. മഞ്ഞുമൂടിയ ഹിമാലയൻ മലനിരകളിലെ കാർഗിലിലും ബംഗാൾ ഉൾക്കടലിലെ ആൻഡമാൻ ദ്വീപസമൂഹങ്ങളുടെ തലസ്ഥാനമായ പോർട്ട്ബ്ലയറിലും ലക്ഷദ്വീപിലെ കവരത്തിയിലുമടക്കം വിദൂരസ്ഥവും അവികസിതവുമായ പ്രദേശങ്ങളിൽ വരെ റേഡിയോനിലയങ്ങളുണ്ട്. അവ 23 ഭാഷകളിൽ നിത്യവും പരിപാടികൾ പ്രക്ഷേപണം ചെയ്യുന്നു. മിനിക്കോയിക്കാരുടെ മഹൽ, ആന്തമാനിസ്, നിക്കോബാറിസ്, കൊങ്കണി, സാന്താൾ, മണിപ്പൂരി, കാശ്മീരി, ഭോജ്പുരി എന്നിങ്ങനെ വളരെക്കുറച്ചാളുകൾ സംസാരിക്കുന്ന പ്രാദേശികഭാഷകളിലും അവയുടെ രൂപഭേദങ്ങളിലും വരെ ആകാശവാണി പരിപാടികൾ പ്രക്ഷേപണം ചെയ്യുന്നു. ലിപി പോലുമില്ലാത്ത ധാരാളം ഭാഷകളും അവയുടെ കലാസാംസ്കാരികപൈതൃകവും ശബ്ദരൂപങ്ങളായി സംരക്ഷിക്കപ്പെടുന്നത് ഈ റേഡിയോപ്രക്ഷേപണങ്ങളിലൂടെയാണ്. പ്രത്യേക വാർത്താബുള്ളറ്റിനുകൾ തുടങ്ങി സംസ്കൃതത്തെ പുനരുജ്ജീവിപ്പിക്കാനും ആകാശവാണിക്കു കഴിഞ്ഞു. പുതിയ അനേകായിരം പദങ്ങളും പ്രയോഗങ്ങളും അങ്ങനെ സംസ്കൃതഭാഷയിൽ കുടിയേറി.

അപ്രത്യക്ഷമായിക്കൊണ്ടിരുന്ന നാടൻ സംഗീതത്തെയും മറ്റനവധി കലാരൂപങ്ങളെയും ആകാശവാണി എല്ലാ വിഭാഗത്തിനും പരിചയപ്പെടുത്തി. 'വിവിധ്ഭാരതി' എന്ന ജനപ്രിയ വിനോദചാനലിലൂടെ 1957 മുതൽ ഹിന്ദിചലച്ചിത്രഗാനങ്ങളെ ഇന്ത്യ മുഴുവൻ പ്രചരിപ്പിച്ചു. രാജ്യത്തിന്റെ ഐക്യം ഊട്ടിയുറപ്പിക്കാൻ സംഗീതത്തിനു കഴിയുമെന്നു നിസ്സംശയം തെളിയിക്കപ്പെട്ടു. ഫുട്ബാൾ-ക്രിക്കറ്റ്കളികളുടെയും ദേശീയ-പ്രാദേശികഉത്സവങ്ങളുടെയും ദൃക്സാക്ഷിവിവരണങ്ങളും ഈ ഐക്യത്തെ ശക്തിപ്പെടുത്തുന്നതിൽ പങ്കുവഹിക്കുന്നുണ്ട്.

## മഹാത്മാഗാന്ധി സ്റ്റുഡിയോയിൽ

ദേശീയദുരന്തങ്ങൾ ഉണ്ടാകുമ്പോൾ റേഡിയോ വലിയ സഹായമാണ് ചെയ്തിരുന്നത്. ഇന്ത്യാവിഭജനകാലത്ത് പാക്കിസ്ഥാനിൽ നിന്നെത്തിയ അഭയാർത്ഥികളെ താത്ക്കാലികമായി പാർപ്പിച്ചിരുന്ന ഹരിയാനയിലെ കുരുക്ഷേത്രത്തിലെത്താൻ മഹാത്മാഗാന്ധിക്കു കഴിഞ്ഞില്ല. അദ്ദേഹം 1947 നവംബർ 12 ന് ആകാശവാണിയുടെ ഡൽഹി സ്റ്റുഡിയോയിൽ നടത്തിയ പ്രാർത്ഥനായോഗത്തിലൂടെ അവരോടു സംസാരിച്ചു. ഗാന്ധിജിയുടെ പ്രാർത്ഥനായോഗത്തിലെ പ്രസംഗങ്ങൾ ശബ്ദലേഖനം ചെയ്ത് ഇന്ത്യയിലെ എല്ലാ നിലയങ്ങളും പ്രക്ഷേപണം ചെയ്തിരുന്നത് വർഗീയലഹളകളുടെ കാഠിന്യം കുറയ്ക്കാൻ വലിയൊരളവോളം സഹായിച്ചിട്ടുണ്ട്.

പ്രക്ഷേപണത്തിനായി ഗാന്ധിജി ഒരേയൊരു തവണ മാത്രമാണ് ആകാശവാണി സന്ദർശിച്ചിട്ടുള്ളത്. 1947 നവംബർ 12 ന്. അതിന്റെ ഓർമ്മയ്ക്കായി ഇന്ത്യയിൽ ആ ദിവസം രാജ്യവ്യാപകമായി പൊതുജനസേവനപ്രക്ഷേപണദിനം (Public Service Broadcasting Day) ആയി ആചരിച്ചു വരുന്നു..

## മദിരാശിയിൽ നിന്നു തുടക്കം

റേഡിയോ മലയാളത്തിൽ ശബ്ദിക്കാൻ തുടങ്ങിയത് 1939 ലെ തിരുവോണനാളിലായിരുന്നു. അന്ന് മദിരാശിസംസ്ഥാനത്തിന്റെ ഭാഗമായിരുന്ന പാലക്കാട്ടെ കൊല്ലങ്കോട് രാജാവ് സർ വാസുദേവരാജയുടെ ഒരു സന്ദേശത്തോടെ മദിരാശി നിലയത്തിൽ നിന്നായിരുന്നു ആദ്യത്തെ മലയാളം റേഡിയോ പ്രക്ഷേപണം. മദിരാശി മലയാളിസമാജത്തിന്റെ ഭാരവാഹിയായിരുന്ന കെ. പത്മനാഭൻ നായരുടെ നേതൃത്വത്തിൽ ഒരു പറ്റം മാതൃഭാഷാസ്നേഹികളായിരുന്നു പരിപാടികൾ അവതരിപ്പിച്ചത്. മലയാളിയായ ജി പി എസ് നായരായിരുന്നു അന്ന് നിലയത്തിന്റെ അസിസ്റ്റന്റ് ഡയറക്ടർ. ഇന്ത്യയിൽ റേഡിയോ പ്രക്ഷേപണത്തിന്റെ കുലപതിമാരിലൊരാളായിരുന്നു അദ്ദേഹം.

കേരളത്തിൽ ആദ്യത്തെ റേഡിയോനിലയം തുടങ്ങുന്നത് 1943 മാർച്ച് 12 നായിരുന്നു. പേര് ട്രാവൻകൂർ റേഡിയോ. ഇംഗ്ലീഷ് ഭാഷയിലായിരുന്നു ആരംഭം. വൈകിട്ട് 7 മുതൽ 9 വരെയായിരുന്നു പ്രക്ഷേപണം. തമിഴ്, മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ സംഗീതപരിപാടികളും ലഘുപ്രഭാഷണങ്ങളുമായിരുന്നു ഉള്ളടക്കം. രാത്രി 9 മണിക്ക് രാജാവിനെ സ്തുതിച്ചുകൊണ്ട് വഞ്ചീശമംഗളം പാടിയാണ് പരിപാടികൾ സമാപിച്ചിരുന്നത്. ഇപ്പോഴത്തെ എം എൽ എ ഹോസ്റ്റൽ നിൽക്കുന്ന സ്ഥലത്തായിരുന്നു സ്റ്റുഡിയോ. 1950ൽ ഈ നിലയം ഏറ്റെടുത്ത് ആകാശവാണിയുടെ ഭാഗമാക്കുന്നതിനായി ജി പി എസ് നായർ സ്പെഷ്യൽ ഓഫീസറായി നിയോഗിക്കപ്പെട്ടു. അദ്ദേഹമാണ് തിരുവനന്തപുരം ആകാശവാണിനിലയം, സർ സി പി രാമസ്വാമി അയ്യരുടെ ഔദ്യോഗികവസതിയായിരുന്ന വഴുതക്കാട്ടെ 'ഭക്തിവിലാസം' കൊട്ടാരത്തിലേക്കു മാറ്റിസ്ഥാപിച്ചത്. ആദ്യകാല സിനിമാഗാനരചയിതാവായ തിരുനൈനാർക്കുറിച്ചി മാധവൻനായർ, എസ് രാമൻകുട്ടി


റേഡിയോ നിലയത്തിന്റെ ആന്റിന ടവർ

**കേരളത്തിൽ ആദ്യത്തെ റേഡിയോനിലയം തുടങ്ങുന്നത് 1943 മാർച്ച് 12 നായിരുന്നു. പേര് ട്രാവൻകൂർ റേഡിയോ. ഇംഗ്ലീഷ് ഭാഷയിലായിരുന്നു ആരംഭം. വൈകിട്ട് 7 മുതൽ 9 വരെയായിരുന്നു പ്രക്ഷേപണം. തമിഴ്, മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ സംഗീതപരിപാടികളും ലഘുപ്രഭാഷണങ്ങളുമായിരുന്നു ഉള്ളടക്കം.**



നായർ, ജഗതി എൻ കെ ആചാരി തുടങ്ങി യവരെ നിയമിച്ചതും അദ്ദേഹമായിരുന്നു.

1950 ഏപ്രിൽ 14 ന് ആകാശവാണി കോഴിക്കോട് നിലയം സ്ഥാപിക്കുന്നതിനും അദ്ദേഹം നേതൃത്വം നൽകി. മദിരാശിയിൽ നിന്ന് ഗാനരചിതാവും കവിയുമായ പി ഭാസ്കരനെ നാട്ടിലേക്കു കൂട്ടിക്കൊണ്ടു വന്ന് ആകാശവാണിയിൽ നിയമിച്ചു. തുടർന്ന് പി സി കുട്ടിക്കൃഷ്ണൻ (ഉറൂബ്), കെ പത്മനാഭൻ നായർ, ബി എ ചിദംബരനാഥ് തുടങ്ങിയവരെയും അവിടെ നിയമിക്കുകയുണ്ടായി. എൻ എൻ കക്കാട്, തിക്കോടിയൻ, അക്കിത്തം, കെ എ കൊടുങ്ങല്ലൂർ, കെ രാഘവൻ, കെ പി ഉദയഭാനു തുടങ്ങി സാഹിത്യകലാരംഗത്തെ പ്രതിഭകളുടെ വൻനിര കോഴിക്കോട് ആകാശവാണി നിലയത്തെ ധന്യമാക്കി.

കേരളത്തിലെ മൂന്നാമത്തെ ആകാശവാണി നിലയം തൃശൂരിൽ 1956 നവംബർ 4 ന് പ്രക്ഷേപണം ആരംഭിച്ചു. രാജ്യം കടുത്ത ഭക്ഷ്യക്ഷാമം നേരിട്ട നാളുകളായിരുന്നു അത്. നെല്ലുൽപ്പാദനം കൂട്ടാൻ കൂടുതൽ സ്ഥലങ്ങളിൽ കൃഷി ഇറക്കാൻ ഭാരതസർക്കാർ പ്രചാരണം തുടങ്ങി. അതിനുപകരിക്കുന്ന വിവരങ്ങൾ കർഷകർക്കു നൽകാനായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ 10 റേഡിയോ നിലയങ്ങൾ തുടങ്ങി. തൃശൂർ നിലയവും ഇതിന്റെ ഭാഗമായിരുന്നു. 'വയലും വീടും' എന്ന കാർഷികപരിപാടിയിലൂടെയായിരുന്നു സർക്കാർ കർഷകരുമായി സംവദിച്ചത്. കേരളത്തിലെ മാധ്യമങ്ങളിലെ ആദ്യ പ്രതിദിന കാർഷികപംക്തിയായിരുന്നു അത്. പിൽക്കാലത്ത് കൃഷിപാഠപരമ്പര തുടങ്ങിയതും തൃശൂർ നിലയമായിരുന്നു.

## എഫ് എം വരുന്നു

1977 ജൂലൈ 23 ന് മദ്രാസിൽ നിന്നാണ് ഇന്ത്യയിലെ ആദ്യത്തെ എഫ് എം പ്രക്ഷേപണം ആരംഭിക്കുന്നത്. പിന്നീട് പ്രാദേശിക നിലയങ്ങളായി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ എഫ് എം നിലയങ്ങൾ ഉയർന്നുതുടങ്ങി. റേഡിയോപ്രക്ഷേപണത്തിൽ പുതിയൊരു യുഗത്തിന്റെ തുടക്കമായിരുന്നു അത്.

ഫ്രീക്വൻസി മോഡുലേഷൻ (Frequency Modulation) എന്ന പ്രക്ഷേപണസങ്കേതത്തിന്റെ ശബ്ദവ്യക്തത പുതിയ ശ്രവ്യാനുഭവം ശ്രോതാക്കൾക്കു സമ്മാനിച്ചു. അതുവരെ മീഡിയംവേവ് - ഷോർട്ട്വേവ് നിലയങ്ങളിലൂടെ, പലപ്പോഴും പൊട്ടലും ചീറ്റലുമൊക്കെ ചേർന്ന് ശബ്ദായമാനമായ പ്രക്ഷേപണം കേട്ടുശീലിച്ചവരെ, ഒരു ടേപ്പ്റിക്കാർഡറിൽ നിന്നു കേൾക്കുന്ന ശബ്ദസൗകുമാര്യത്തോടെയുള്ള പാട്ടുകളും പ്രഭാഷണങ്ങളും ഏറെ ആകർഷിക്കാൻ തുടങ്ങി.

കേരളത്തിലെ ആദ്യത്തെ എഫ് എം റേഡിയോനിലയം 1989 നവംബർ 1 ന് കൊച്ചിയിലാണ് പ്രക്ഷേപണം തുടങ്ങിയത്. ജനങ്ങളുടെ പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ടും ഭരണാധികാരികളെ നിശിതമായി വിമർശിച്ചുകൊണ്ടും വ്യത്യസ്ത സംഗീതധാരകളെ പരിചയപ്പെടുത്തിക്കൊണ്ടും ശ്രോതാക്കളുടെ ശബ്ദങ്ങളും നിരീക്ഷണങ്ങളും കൂടി ഉൾപ്പെടുത്തിക്കൊണ്ടുമുള്ള കൊച്ചി നിലയത്തിന്റെ പുതിയ പരിപാടികൾ ഏറെ ശ്രദ്ധിക്കപ്പെട്ടു.

**കേരളത്തിലെ ആദ്യത്തെ എഫ് എം റേഡിയോ നിലയം 1989 നവംബർ 1 ന് കൊച്ചിയിലാണ് പ്രക്ഷേപണം തുടങ്ങിയത്. ജനങ്ങളുടെ പ്രശ്നങ്ങൾ ഏറ്റെടുത്തും ഭരണാധികാരികളെ നിശിതമായി വിമർശിച്ചും വ്യത്യസ്തസംഗീതധാരകളെ പരിചയപ്പെടുത്തിയും ശ്രോതാക്കളുടെ ശബ്ദങ്ങളും നിരീക്ഷണങ്ങളും കൂടി ഉൾപ്പെടുത്തിക്കൊണ്ടുമുള്ള കൊച്ചി നിലയത്തിന്റെ പുതിയ പരിപാടികൾ ഏറെ ശ്രദ്ധിക്കപ്പെട്ടു.**

ഇന്ന് കേരളത്തിൽ റേഡിയോ എന്നാൽ ആകാശവാണി മാത്രമല്ല. ആകാശവാണിയുടെ 9 നിലയങ്ങൾക്കു പുറമേ, 17 സ്വകാര്യ എഫ് എം നിലയങ്ങൾ, പത്തോ പതിനഞ്ചോ കിലോമീറ്റർ ചുറ്റളവിൽ മാത്രം ലഭ്യമായ പത്തോളം സ്വകാര്യ കമ്മ്യൂണിറ്റിറേഡിയോ നിലയങ്ങൾ എന്നിവയുമുണ്ട്.

## മാറുന്ന റേഡിയോ

റേഡിയോ വളരുകയും മാറുകയുമാണ്. ഇലക്ട്രോണിക്സിന്റെ വികാസത്തോടെ വില കൂടിയ വലിയ റേഡിയോ സെറ്റുകളിൽ നിന്നും കയ്യിൽ കൊണ്ടുനടക്കാവുന്ന ചെറിയ സെറ്റുകളിലേക്ക് റേഡിയോ പരിണമിച്ചു. മൊബൈൽ ഫോണുകളിൽ എഫ് എം റേഡിയോ പ്രക്ഷേപണം കിട്ടാൻ തുടങ്ങിയതോടെ ഇന്ന് റേഡിയോ സെറ്റുകൾ തന്നെ വിസ്മൃതിയിലേക്കു പോവുകയാണ്. ഇന്റർനെറ്റിന്റെ വരവോടെ ആർക്കും റേഡിയോ തുടങ്ങാം എന്ന അവസ്ഥയും ഇന്നു നിലനിൽക്കുന്നുണ്ട്. ധാരാളം റേഡിയോ സ്റ്റേഷനുകൾ ഇന്ന് നെറ്റിൽ ലഭ്യമാണ്.

വീട്ടിലെ എല്ലാവരും ഒന്നിച്ചിരുന്ന്


ആധുനികകാലത്തെ ഒരു റേഡിയോ സ്റ്റുഡിയോ

റേഡിയോ പരിപാടികൾ കേട്ടകാലം, അതിനും മുൻപ് പഞ്ചായത്ത് മൈതാനത്തോ, പാർക്കിലോ, ജംങ്ഷനിലോ സ്ഥാപിച്ച റേഡിയോ സെറ്റുകൾക്കു ചുറ്റുമിരുന്ന് വാർത്തകൾക്കും പാട്ടുകൾക്കും ചെവിയോർത്തിരുന്ന പഴയ നാളുകൾ. അതെല്ലാം ഇനി ചരിത്രത്തിന്റെ ഭാഗം മാത്രം.

## ഡി ആർ എം അഥവാ ഡിജിറ്റൽ റേഡിയോ മൊണ്ടിയേൽ

Digital Radio Mondiale (DRM) എന്ന പുതിയ പ്രക്ഷേപണസങ്കേതത്തിലൂടെ റേഡിയോ ഇപ്പോൾ പുതിയ ഒരു അധ്യായത്തിലേക്കു കടക്കുകയാണ്. 'ലോകവ്യാപകം' എന്നാണ് 'മോണ്ടിയേൽ' എന്ന ഇറ്റാലിയൻപദത്തിന്റെ അർത്ഥം. ദേശങ്ങൾക്കതീതമായി വളരെ വിസ്തൃതമായ ഭൂപ്രദേശങ്ങളിൽ ഡി ആർ എം പ്രക്ഷേപണം സുവ്യക്തമായി കിട്ടും.

ഡൽഹിയിലും ബംഗാളിലും ഗുജറാത്തിലും ആകാശവാണി ഇത് ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ തിരുവനന്തപുരത്തുനിന്ന് ഇക്കൊല്ലം തന്നെ ഡി ആർ എം പ്രക്ഷേപണം തുടങ്ങും. ഇതിനായി പ്രത്യേക റേഡിയോ സെറ്റുകൾ വേണം. ഈ റേഡിയോയിലെ ചെറിയ സ്ക്രീനിൽ ചിത്രങ്ങളും ടെക്സ്റ്റുകളും മറ്റും കിട്ടും. റേഡിയോയിൽ കേൾക്കുന്ന പ്രക്ഷേപണത്തിന്റെയോ വാർത്തയുടെയോ മറ്റു പരിപാടികളുടെയോ ടെക്സ്റ്റും ചിത്രവും മറ്റും ശ്രോതാക്കൾക്ക് പ്രിന്റ് ചെയ്തെടുക്കാം. സേവ് ചെയ്തു സൂക്ഷിക്കാം. റേഡിയോ നൈമിഷികമാധ്യമമാണെന്ന അതിന്റെ ജന്മദൗർബല്യം ഡി ആർ എം പ്രക്ഷേപണത്തോടെ അവസാനിക്കാൻ പോവുകയാണ്.

പക്ഷേ, ഡി ആർ എം റേഡിയോ സെറ്റുകൾക്ക് സാധാരണ ടെലിവിഷൻ സെറ്റുകളെക്കാളും വില നൽകേണ്ടിവരും. ഏകദേശം ഒൻപതിനായിരം രൂപ. ഇന്ത്യയിൽ ആരും അത് നിർമിക്കുന്നില്ല. മാർക്കറ്റിൽ ഡി ആർ എം റേഡിയോ സെറ്റുകൾ കിട്ടിത്തുടങ്ങിയിട്ടുമില്ല. ഡി ആർ എം പ്രക്ഷേപണം വ്യാപകമാകുമ്പോൾ പുതുതായി ഇറങ്ങുന്ന മൊബൈൽ ഫോണുകളിൽപ്പോലും അവ ലഭ്യമായിത്തുടങ്ങും. ഇപ്പോൾ എഫ് എം കേൾക്കുന്നതുപോലെ നമുക്ക് അവ ആസ്വദിക്കാൻ കഴിയും. പുതുകാലത്തും റേഡിയോ ശക്തമായ സാന്നിധ്യമാണ്. ഗുരുവും വഴികാട്ടിയും വിനോദോപാധിയുമാണത്. ഹൃദയത്തോടു ചേർത്തുവയ്ക്കാവുന്ന മാധ്യമമാണത്.

# കണക്കിനു ട്യൂഷൻ

**കെ എൽ മോഹനവർമ**

ഇന്നു വെള്ളിയാഴ്ചയായതു കാരണം ട്യൂഷനുണ്ട്. ഒരു വിഷയത്തിലെങ്കിലും ട്യൂഷനില്ലാത്ത ഒരു ഫ്രണ്ടും എനിക്കില്ല. എന്റെ അച്ഛൻ വലിയ റിച്ചല്ലാത്തതുകൊണ്ട് ഒരു സബ്ജക്ടറിലേ ട്യൂഷനുള്ളൂ. ചേച്ചി രേണു, ഒമ്പതിലായി. അടുത്തതു പത്തിലാണ്. അതുകൊണ്ടു മൂന്നു സബ്ജക്ടിൽ ട്യൂഷനുണ്ട്. എനിക്ക് മാത്സിനാണു ട്യൂഷൻ. എന്റെ അച്ഛൻ എം എ ക്കാരനാണ്. ഒരുപാട് ഇന്റലിജന്റാണ്. ഹിസ്റ്ററി ആണ് പഠിച്ചത്. പക്ഷേ ബാങ്കിലാണു ജോലി. സ്ക്കൂളിൽ വച്ചുതന്നെ മാത്സിനു മോശമായിരുന്നു എന്ന് അച്ഛൻ പറയാറുണ്ട്. കണക്കു കൂട്ടുന്നതിൽ മോശമാണ്. ബാങ്കിൽ കണക്കെല്ലാം കമ്പ്യൂട്ടർ നോക്കിക്കൊള്ളും. കണക്കറിയാത്തതുകൊണ്ട് അച്ഛനെ എല്ലാവരും പറ്റിക്കുമെന്നാണ് അമ്മ അച്ഛനുമായി വഴക്കു കൂടുമ്പോൾ പറയാറ്. എറണാകുളത്ത് ഒരു ഫേമസ് കോളനിയിലാണ് എന്റെ വീട്. കോളനി ഫേമസ് ആണെങ്കിലും എന്റെ വീട് വലുതല്ല. ടി വി വച്ചിരിക്കുന്ന ഡ്രോയിംഗ് റൂമും കിച്ചനും കഴിഞ്ഞാൽ രണ്ടു ബെഡ്റൂമേ ആകെയുള്ളൂ. അതാണു വീട്ടിലെ മെയിൻ പ്രോബ്ളം. ആർക്കും പ്രൈവസി ഇല്ല. എല്ലാം എല്ലാവരും അറിയും. ഒരു രഹസ്യവുമില്ല. അതുകാരണം അച്ഛനും അമ്മയും വഴക്കിടുന്നതു മുഴുവൻ ഞങ്ങൾക്കു കേൾക്കാം. ബോറാണ്. ഞാൻ കല്യാണം കഴിക്കുന്നതിനു മുമ്പു വലിയ വീടു മേടിക്കും. സൗണ്ട്പ്രൂഫ് എയർകണ്ടീഷൻഡ്





വര: സചീന്ദ്രൻ കാറഡ്ക്ക

മുറികളായിരിക്കും എല്ലാം. അച്ഛൻ കണക്കിനു മോശമായിരുന്നതുകൊണ്ടാണ് എനിക്കു ട്യൂഷൻ വച്ചിരിക്കുന്നത്. ഇന്നു ട്യൂഷൻ കഴിഞ്ഞു വീട്ടിലെത്തിയപ്പോഴേ തോന്നി. അപകടമുണ്ട്. അടുക്കളയിൽ ഒച്ചയില്ല. ടി വി ഓഫ്. അമ്മ ഡൈനിംഗ് ടേബിളിൽ മുഖം കനപ്പിച്ചിരുന്ന് ഒരു ചക്കമുറിച്ച് അതിന്റെ വലിയ കഷണം ചെത്തുകയാണ്. ഈ ചക്കയുടെ ചുളയും കുരുവും എടുക്കുന്ന പണി എനിക്കിഷ്ടമാണ്. പക്ഷേ എന്നെക്കൊണ്ട് അതു ചെയ്യിക്കില്ല. ഞാൻ ഷൂസൂരി മൂലയിലേക്കെറിഞ്ഞ് അകത്തേക്കു കാലെടുത്തു വച്ചതേയുള്ളു. ഇനി അമ്മ എന്നെ നോക്കി പറയാൻ പോകുന്നത് എന്നും റിപ്പീറ്റു ചെയ്യുന്ന വാക്കുകളാണ്. എനിക്കറിയാം.

'കാലും മുഖോം കഴുകി നാമം ചൊല്ലീട്ടു വാ.'

പക്ഷേ അമ്മ ഇന്നു മിണ്ടിയില്ല. ഞാൻ ടി വി ഓണാക്കണോ എന്നു സംശയിച്ചു. അപ്പോഴാണ് അച്ഛൻ ബെഡ്റൂമിന്റെ വാതിൽ തുറന്നു തല തോർത്തിക്കൊണ്ടു വന്നത്. എന്നെ നോക്കി.

'എന്താ, നീ ട്യൂഷനു പോയില്ലേ?'

എന്നെക്കണ്ടാൽ എല്ലാരും ആദ്യം ചോദിക്കുന്നതു പഠിത്തത്തിന്റെ കാര്യമാണ്. ഈ ലോകത്തു പഠിത്തം മാത്രമേയുള്ളോ? ഞാൻ വലുതായാൽ എന്റെ മകനോട് അവൻ പഠിച്ചോയെന്ന് ഒരിക്കലും ചോദിക്കുകേയില്ല.

ഞാൻ ഒന്നും മിണ്ടിയില്ല. അച്ഛൻ ഇപ്പോൾ ടി വി ഓൺ ചെയ്യും. ബ്രേക്ക് ന്യൂസ് കാണാനാണ്. നല്ല ബ്രേക്കാണെങ്കിൽ പിന്നെ പേടിക്കാനില്ല. അച്ഛൻ തിരയുന്നതു കണ്ട് ഞാൻ അമ്മയുടെ അടുത്തുനിന്നും റിമോട്ടെടുത്ത് അച്ഛന്റെ കൈയിൽ കൊടുത്തു. എന്നിട്ടു പറഞ്ഞു:

'ട്യൂഷൻ നേരത്തെ തീർന്നു.'

അപ്പോഴേക്കും ടി വി യിൽ ബ്രേക്ക് ന്യൂസു വന്നിരുന്നു. തമിഴ്നാട്ടിൽ ബസ്സപകടം. നാലുപേർ മരിച്ചു. അതിലൊരു മലയാളി. അച്ഛൻ ഉറക്കെ ചോദിച്ചു.

'ങേ, മലയാളിയോ? ശ്ശെ. ആരാണോ?'

ഇനി അച്ഛന്റെ കാര്യം ഓ കെയാണ്. നോ പ്രോബ്ളം. പെട്ടെന്ന് അമ്മയുടെ ഒച്ച ഉയർന്നു. ദേഷ്യമാണ്. മോനി ഇതു കേൾക്കാത്ത മട്ടിൽ പുതിയ പടം വെട്ടി എടുക്കുകയാണ്. അച്ഛൻ ചോദിച്ചു.

'എന്താ കാര്യം? മോനീ, നീ എന്താ ചെയ്തത്? ഇവളെന്താ കാട്ടിയത്?'

അമ്മ പറഞ്ഞു.

'എന്താ കാട്ടാത്തത്? അതുകണ്ടു പിടിക്കേണ്ടത് നിങ്ങളുടെ ചുമതലയാണ്. ഈ വീടിന്റെ നാഥൻ ആരാ? ഞാനാണോ? അല്ലല്ലോ. അപ്പോൾ ചേട്ടൻ കണ്ടുപിടിക്ക്. എന്നിട്ടു തീരുമാനിക്ക്. ഈ വീട്ടിൽ ഞാൻ താമസിക്കണോ, ഇവൾ താമസിക്കണോയെന്ന്.'

'നോക്കൂ മോനി കൊച്ചുകുട്ടിയല്ലേ?

**എന്നിട്ട് അമ്മ മോനിയെ ചൂണ്ടി പറഞ്ഞു.**
**'ഒന്നുകിൽ ഞാൻ അല്ലെങ്കിൽ ഇവൾ. ഒരാൾ മതി. ഇന്നു തീർച്ചപ്പെടുത്തണം. ഈ വീട്ടിൽ ഇനി ഞങ്ങൾ രണ്ടാളും കൂടി ജീവിക്കുന്ന പ്രശ്നമേയില്ല.'**
**മോനി എന്റെ അനിയത്തിയാണ്. അപ്പർ കെ ജി ക്കാരി.**

എന്നോടല്ല. അച്ഛനോടാണ്. അച്ഛൻ കൈ നീട്ടി മേശപ്പുറത്തുനിന്ന് ഒരു ചക്കച്ചുള എടുക്കാൻ പോകുകയായിരുന്നു. അമ്മ ചുള ഇട്ടിരുന്ന പാത്രം കിക്കായി ഒരു പ്ലേറ്റു കൊണ്ടു മൂടി. എന്നിട്ട് അമ്മ മോനിയെ ചൂണ്ടി പറഞ്ഞു. മോനി എന്റെ അനിയത്തിയാണ്. അപ്പർ കെ ജി ക്കാരി. അവൾ നിലത്തു കമിഴ്ന്നു കിടന്നു പടം വരയ്ക്കുകയാണ്. 'ഒന്നുകിൽ ഞാൻ അല്ലെങ്കിൽ ഇവൾ. ഒരാൾ മതി. ഇന്നു തീർച്ചപ്പെടുത്തണം. ഈ വീട്ടിൽ ഇനി ഞങ്ങൾ രണ്ടാളും കൂടി ജീവിക്കുന്ന പ്രശ്നമേയില്ല.'

നിനക്കാണെങ്കിൽ വയസ്സു മുപ്പത്തി....'

മോനി പറഞ്ഞു

'ഒമ്പത്.'

'കണ്ടോ, കണ്ടോ മുപ്പത്തിമൂന്നിനെ ഇവൾ മുപ്പത്തിയൊമ്പതാക്കിയിരിക്കുന്നു.'

അമ്മ കത്തിപൊക്കി. മോനി തലയുയർത്താതെ റിപ്പീറ്റുചെയ്തു.

'ഒമ്പത്. മുപ്പത്തിയൊമ്പത്. തെർട്ടി നയൻ. ഉൻതീസ്.'

ഹിന്ദീൽ തെറ്റി. ഞാൻ കറക്കു ചെയ്തു.

'ഉൻചാലീസ്, ഉൻതീസ് അല്ല, ഉൻതീസ് ഇരുപത്തൊമ്പതാ.'

ആരും എന്നെ മൈൻഡു ചെയ്തില്ല. അമ്മ ചാടി എഴുന്നേറ്റു.

'വീട്ടിൽ എന്റെ സമയം മുഴുവൻ ഇവളെ വളർത്താൻ.... എന്നിട്ടു ചുറ്റുമുള്ള എല്ലാ വീട്ടിലും ചെന്ന് ഇവൾ എന്നെക്കുറിച്ച് എന്തൊക്കെയാ പറയുന്നതെന്നറിയാമോ? ഇന്നു തീർച്ചയാക്കണം. ഒന്നുകിൽ ഞാൻ, അല്ലെങ്കിൽ ഇവൾ. ഒരാളുമതി ഇവിടെ.'
അച്ഛൻ കുറച്ചുനേരം മിണ്ടാതിരുന്നു. ബ്രേക്ക് ന്യൂസിന്റെ വോളിയം കുറച്ചു. കാറപകടത്തിൽ ചത്ത മലയാളിയുടെ പേരു വന്നിട്ടില്ല. അച്ഛൻ പറഞ്ഞു.
'നോക്കു മോനീ, ഇനി മുതൽ നിന്റെ അമ്മയുടെ വയസ്സ് വീട്ടിലായാലും വെളിയിലായാലും മുപ്പത്തിമൂന്ന്. തേർട്ടി ത്രീ. മനസ്സിലായോ? ഓ കെ?'
'ഓ കെ. തേർട്ടി ത്രീ. എന്റെ മമ്മിയുടെ വയസ്സ് തേർട്ടി ത്രീ. പക്ഷേ അച്ഛന്റെ വൈഫിന്റെ വയസ്സോ? അത് മുപ്പത്തി ഒമ്പതല്ലേ? തേർട്ടി നയൻ. ഉൻ ചാലീസ്.'
അമ്മ എന്റെ നേരെ ചാടുന്നതിനു മുമ്പു ഞാൻ അവസരം മുതലെടുത്തു. പെട്ടെന്നു പറഞ്ഞു.
'അച്ഛാ, ഇവൾ എപ്പോഴും അമ്മയെ ശല്യം ചെയ്യുന്നുണ്ട്. നമ്മൾ ഇതിനെന്തെങ്കിലും ഷുവറായി ചെയ്യണം.'
അമ്മ എന്നെ സംശയിച്ച മട്ടിൽ നോക്കി. പിന്നെ പറഞ്ഞു.
'കണ്ടോ ഇപ്പോൾ മനസ്സിലായില്ലേ? ഇപ്പോൾ തീർച്ചപ്പെടുത്തണം. ഒന്നുകിൽ ഞാൻ അല്ലെങ്കിൽ ഇവൾ.'
എന്റെ ആ ഇടപെടൽ ശരിക്കും സിക്സർ ആയിരുന്നു. ഞാൻ അടുത്ത സിക്സർ അടിച്ചു.
'അച്ഛാ, ഇവൾ ഇംഗ്ലീഷ് ബുക്കിൽ അക്ഷരത്തിനു പകരം പടം വരച്ചതിനു മിസ് പണിഷ്മെന്റ് കൊടുക്കുമെന്നു പറഞ്ഞപ്പോൾ ഇവൾ മിസ്സിന്റെ പടംവരച്ച് എന്താ നോട്ടു ബുക്കിൽ എഴുതിയതെന്നോ?'
'എന്താ?'
'ഐ ഡോണ്ട് കെയർ.'

**'അച്ഛാ, ഇവൾ ഇംഗ്ലീഷ് ബുക്കിൽ അക്ഷരത്തിനു പകരം പടം വരച്ചതിനു മിസ് പണിഷ്മെന്റ് കൊടുക്കുമെന്നു പറഞ്ഞപ്പോൾ ഇവൾ മിസ്സിന്റെ പടംവരച്ച് എന്താ നോട്ടു ബുക്കിൽ എഴുതിയതെന്നോ?'**
**'എന്താ?'**
**'ഐ ഡോണ്ട് കെയർ!'**

അച്ഛൻ ടി വി യുടെ വോളിയം തീരെ കുറച്ചു. അമ്മയെ സൈഡിലെടുക്കാൻ മോനിയോടു ദേഷ്യം കാട്ടി.
'ശരിയാണോ? നീ ഐ ഡോണ്ട് കെയർ എന്നെഴുതിയോ?'
'സീ ഡാഡ്, മിസ് പറഞ്ഞത് ഷിപ്പ് എന്നെഴുതാനാ. ഷിപ്പ് എഴുതാൻ അതിന്റെ സ്പെല്ലിങ് ഞാൻ മറന്നു. എസ്സും എച്ചും ഐയുമൊക്കെ. അതിനെക്കാൾ എളുപ്പം ഷിപ്പ് വരയ്ക്കുകയല്ലേ? അതിനാ മിസ് പണിഷ്മെന്റ് പറഞ്ഞത്.'
അവൾ എഴുന്നേറ്റു.
'ഞാൻ ഐ ഡാം കെയർ എന്നെഴുതാനാ നോക്കിയത്. ഡാമിന്റെ സ്പെല്ലിങ് മറന്നുപോയി. ഡാഡ്, ഈ ഡാമിന് ഡി എ എം പോരല്ലോ അല്ലേ?'
അച്ഛൻ പറഞ്ഞു.
'നീ ഉദ്ദേശിച്ച ഡാമിന് ഡി എ എം എൻ വേണം മറ്റേ ഡാം അണക്കെട്ടാണ്.'
'എനിക്കറിയാം മുല്ലപ്പെരിയാർ ഡാം.'
'യെസ്.'
മോനി അമ്മയെ നോക്കി പറഞ്ഞു.
'വല്ലാത്ത ഡാം ഭാഷ. അല്ലേ, മമ്മീ? പറയുന്നതു പോലെ എഴുതാനും പാടില്ല. പടം വരയ്ക്കാനും പാടില്ല.'
അവൾ പോകുന്ന വഴിക്ക് എന്നെ നോക്കി ചിരിച്ചു. മോനി പറഞ്ഞതിലും കാര്യമുണ്ടെന്നെനിക്കു തോന്നി. ഈ കാൽക്കുലേറ്ററും കണക്കിന്റെ സോഫ്റ്റ്‌വെയറും ഇഷ്ടം പോലെ ചീപ്പായിട്ടു കിട്ടുമ്പോൾ വെറുതെ എന്തിനാ ഈ മാത്സ് ട്യൂഷനുവേണ്ടി ടൈമും രൂപയും കളയുന്നത്. ഞാൻ വലുതാകട്ടെ എന്നിട്ടുവേണം ഈ എഡ്യുക്കേഷൻ സിസ്റ്റം ഒന്നു ശരിയാക്കാൻ!!

*(ഇതാണ് ഇപ്പോഴത്തെ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ കുട്ടികളുടെ ശ്രേഷ്ഠ മലയാളഭാഷ. ഇക്കാര്യം ചൂണ്ടിക്കാട്ടുകയാണ് കഥാകൃത്ത്. നമ്മുടെ കുട്ടികൾ ശുദ്ധമായ മലയാളം സംസാരിക്കുന്ന ഒരു കാലം വരട്ടെയെന്നു പ്രാർത്ഥിക്കുന്നു.*
*– **സുഗതകുമാരി**)*

കവിത

# നെല്ലും പതിരും

ഡോ. നെടുമുടി ഹരികുമാർ

ചോറെങ്ങനെ
യാണുണ്ടാവുന്നത്
ചോദിക്കുകയാണെന്നുണ്ണി
അരിയെങ്ങനെയാണുണ്ടാവുന്നത്
ചോദിച്ചിട്ടില്ലെന്നുണ്ണി
നെല്ലറയെന്നു പുകൾകേട്ടുള്ളൊരു
സുന്ദരനാടാമെൻ നാട്ടിൽ
ഒന്നുവരാമോ കാഴ്ചകൾ കാണാൻ
കാർഷികജീവിതമറിയാനും
വയലേലകളുടെ നാടിതിൽ ജീവിത-
മുഴുതു മറിച്ചു നടക്കുന്നോർ
കരുമാടികളെ കാണുന്നില്ലേ
കയ്യൂക്കുള്ള കരുത്തന്മാർ

മണ്ണിൽ ചേറിൽ പണിചെയ്തിവരോ
നെന്മണി കനകം വിളയിപ്പോർ
നമ്മുടെ വയറുനിറപ്പാനെന്നും
കണ്ണീരുപ്പു രുചിക്കുന്നോർ
വയലുകളുഴുതും ഞാറുകൾ നട്ടും
കളകൾ പറിച്ചു വളം ചെയ്തും
കൊയ്തുമെതിച്ചും പാറ്റിക്കുത്തിയും
നെന്മണിയരിയായ് മാറ്റുന്നോർ
അവരുടെയദ്ധ്വാനത്തിന്നുപ്പാ-
ണെന്നും നമ്മൾ ഭുജിക്കുന്നു
ചോറുണ്ണുന്നവർ നമ്മൾക്കെന്നും
കൂറുണ്ടാവണമവരോട്.





വര: സുധീർ പി വൈ

# വരുന്നൂ ലോകകപ്പ് ക്രിക്കറ്റ്

**മോഹൻദാസ് അമ്പാട്ട്**











ഇന്ത്യയുടെ ലോകകപ്പ് വിജയങ്ങൾ



അഞ്ചു വിക്കറ്റ് നഷ്ടത്തിൽ പതിനേഴു റൺസ്...

മൂന്നാംലോകകപ്പിലെ തങ്ങളുടെ അഞ്ചാം മത്സരത്തിൽ 1983 ജൂൺ 18 ന് സിംബാബ്‌വെക്കെതിരെ ബാറ്റു ചെയ്യാനിറങ്ങി മിനിട്ടുകൾ കഴിഞ്ഞപ്പോൾ ഇന്ത്യയുടെ സ്ഥിതി. പവിലിയനിലേക്കു മടങ്ങിയത് ഗവാസ്കറുൾപ്പെടെയുള്ള മുൻനിര ബാറ്റ്സ്മാന്മാർ. ഇനി മത്സരമെന്ന ചടങ്ങ് പൂർത്തിയാക്കി, പരാജയ ഭാരവും പേറി, തലയും താഴ്ത്തി ടീമിനു നാട്ടിലേക്കു മടങ്ങാം. എല്ലാവരും വിധിയെഴുതി, ഒരാളൊഴികെ. കപിൽദേവായിരുന്നു അത്. ഇന്ത്യയുടെ നായകന് മത്സരം അങ്ങനെ വിട്ടുകൊടുക്കാനാവുമായിരുന്നില്ല. ലീഗ്റൗണ്ടിൽ രണ്ടു മത്സരങ്ങളിൽ ജയിച്ച ഇന്ത്യ സെമിഫൈനൽ പ്രവേശനത്തിന്റെ അവസാനത്തെ ചവിട്ടുപടിയിലാണ്. വർഷങ്ങളായി കാത്തിരുന്നു കിട്ടിയ കനകാവസരം നിസ്സാരമായി വലിച്ചെറിഞ്ഞ് ഓടിപ്പോകുന്നതു ശരിയല്ലല്ലോ. ഒന്നുറച്ചു പൊരുതാൻ തീരുമാനിച്ചു കൊണ്ടാണ് കപിൽദേവ് ആറാമനായി ബാറ്റു ചെയ്യാനെത്തിയത്. ''ഹരിയാനാകൊടുങ്കാറ്റ്'' എന്ന വിളിപ്പേരുള്ള കപിൽദേവ് ക്രീസിൽ കൊടുങ്കാറ്റായി ആഞ്ഞടിച്ചപ്പോൾ സിംബാബ്‌വെക്കാരുടെ വിയർപ്പുതുള്ളികൾ പെരുമഴയായി പെയ്തു. അനുവദിക്കപ്പെട്ട ഓവറുകൾ മുഴുവൻ എറിഞ്ഞിട്ടും ഇന്ത്യൻ നായകനെ പുറത്താക്കാൻ അവർക്കായില്ല. ഒരു ഇന്നിങ്സിൽ 60 ഓവറുകൾ എന്ന നിബന്ധന ഇല്ലായിരുന്നെങ്കിൽ ലോകാവസാനം വരെ ബാറ്റുചെയ്യും എന്ന ഭാവത്തിലായിരുന്നു 175 റൺസെടുത്ത കപിലിന്റെ നിൽപ്പ്. ഏകദിനക്രിക്കറ്റിലെ ഏറ്റവും ഉയർന്ന വ്യക്തിഗത സ്കോറായിരുന്നു അന്നത്. കപിൽദേവിന്റെ ഒറ്റയാൾ പോരാട്ടം ഇന്ത്യൻക്രിക്കറ്റിന്റെ ജാതകം തന്നെ മാറ്റിക്കുറിച്ചു എന്നത് പിൽക്കാലചരിത്രം.

ആദ്യ (1975) ലോകകപ്പിൽ ഒരു മത്സരത്തിൽ മാത്രം വിജയിക്കുകയും, രണ്ടാം (1979) ലോകകപ്പിൽ എല്ലാ മത്സരങ്ങളിലും തോൽക്കുകയും ചെയ്ത ഇന്ത്യ, മൂന്നാം ലോകകപ്പിൽ പങ്കെടുത്തു മടങ്ങിയത് തലയുയർത്തിപ്പിടിച്ചുകൊണ്ടു തന്നെ. ലോകചാമ്പ്യന്മാരെന്ന ഖ്യാതിയോടെ.

അന്താരാഷ്ട്രഏകദിന മത്സരങ്ങളുടെ ജനനം വളരെ അവിചാരിതമായിട്ടാണ് സംഭവിച്ചത്. ഇംഗ്ലണ്ടും ആസ്ട്രേലിയയും തമ്മിൽ മെൽബണിൽ നടക്കേണ്ടിയിരുന്ന ടെസ്റ്റ് മഴ കാരണം മുടങ്ങിയപ്പോൾ കാണികളെ മുഷിപ്പിക്കാതിരിക്കാനായി 40 ഓവർ (ഒരു ഓവറിൽ എട്ടുപന്ത്) നീണ്ട ഒരു മത്സരം പെട്ടെന്നു തട്ടിക്കൂട്ടുകയായിരുന്നു. ആസ്ട്രേലിയയ്ക്ക് 5 വിക്കറ്റ് വിജയം സമ്മാനിച്ച ആ മത്സരം വൻ ജനപ്രീതി നേടി. 1971 ജനുവരി 5 നായിരുന്നു അത്.

പിന്നീട് ക്രിക്കറ്റ് ടെസ്റ്റുകളോടൊപ്പം ഏകദിന മത്സരങ്ങളും നടത്തുന്ന പതിവു വന്നു. ആവേശവും ഉദ്വേഗവും നിറഞ്ഞ



കപിൽദേവ്

**അന്താരാഷ്ട്ര ഏകദിനമത്സരങ്ങളുടെ ജനനം വളരെ അവിചാരിതമായിട്ടാണ് സംഭവിച്ചത്. ഇംഗ്ലണ്ടും ആസ്ട്രേലിയയും തമ്മിൽ മെൽബണിൽ നടക്കേണ്ടിയിരുന്ന ടെസ്റ്റ് മഴ കാരണം മുടങ്ങിയപ്പോൾ കാണികളെ മുഷിപ്പിക്കാതിരിക്കാനായി 40 ഓവർ (ഒരു ഓവറിൽ എട്ടുപന്ത്) നീണ്ട ഒരു മത്സരം പെട്ടെന്നു തട്ടിക്കൂട്ടുകയായിരുന്നു. ആസ്ട്രേലിയയ്ക്ക് 5 വിക്കറ്റ് വിജയം സമ്മാനിച്ച ആ മത്സരം വൻ ജനപ്രീതി നേടി. 1971 ജനുവരി 5 നായിരുന്നു അത്.**



നിമിഷങ്ങൾ ഏറെ സമ്മാനിക്കുന്ന ഏകദിന മത്സരങ്ങൾ, ജനപ്രീതി യുടെയും പ്രചാരത്തിന്റെയും കാര്യത്തിൽ ടെസ്റ്റ് മത്സരങ്ങളെ ഏറെ പിന്നിലാക്കി മുമ്പോട്ടു പോയപ്പോഴാണ്, ക്രിക്കറ്റ് കളിക്കുന്ന രാജ്യങ്ങളെ പങ്കെടുപ്പിച്ച് നാലു വർഷത്തിലൊരിക്കൽ ലോകകപ്പ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് നടത്താൻ ഇന്റർനാഷണൽ ക്രിക്കറ്റ് കൗൺസിൽ തീരുമാനിച്ചത്.

1975 ജൂൺ 7 ന് ഇംഗ്ലണ്ടിലെ ലോഡ്സ് ഗ്രൗണ്ടിൽ ഇന്ത്യയും ഇംഗ്ലണ്ടും തമ്മിലാണ് ആദ്യ ലോകകപ്പിലെ ആദ്യമത്സരം നടന്നത്. ഇന്ത്യയുടെ മദൻലാൽ ലോകകപ്പിലെ ആദ്യത്തെ പന്തെറിഞ്ഞ പ്പോൾ, ജോൺ ജെയിംസൺ (John jameson) അതു



ഇന്ത്യയുടെ ആദ്യലോകകപ്പുമായി കപിൽദേവും മൊഹിന്ദർ അമർനാഥും



ജോൺ ജെയിംസൺ

നേരിട്ടു. 60 ഓവറിൽ ഇംഗ്ലണ്ട് 4 വിക്കറ്റ് നഷ്ടത്തിൽ 234 റൺസ് നേടി. 137 റൺസ് നേടിയ ഡെന്നിസ് അമിസ് ലോകകപ്പിലെ ആദ്യത്തെ സെഞ്ചുറിക്കും അർഹനായി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യയുടേത് ദയനീയപ്രകടന മായിരുന്നു. ഇന്ത്യയുടെ 11 കളിക്കാർക്കുംകൂടി, ഡെന്നിസ് അമിസ് തനിച്ചു നേടിയ സ്കോർപോലും നേടാനായില്ല. 132 റൺസിന് എല്ലാവരും പുറത്തായി. 202 റൺസിന്റെ തോൽവി. ആദ്യ ബാറ്റ്സ്മാനായി ഇറങ്ങി, കളിയവസാനിക്കുംവരെ പുറത്താവാതെ നിന്ന ഗവാസ്കർ നേടിയത് വെറും 36 റൺസ്. ഏകദിനക്രിക്കറ്റിലെ ഏറ്റവും മോശപ്പെട്ട ബാറ്റിംഗ് പ്രകടനങ്ങളിലൊന്നായി ഇന്നും അതു കണക്കാക്കപ്പെടുന്നു. ഒന്നാം ലോകകപ്പിൽ വെസ്റ്റിൻഡീസ് ലോകചാമ്പ്യൻമാരായി. ഫൈനലിൽ ആസ്ട്രേലിയയായിരുന്നു അവരുടെ എതിരാളികൾ.

1975 ലെ ലോകകപ്പിൽ ''ഈസ്റ്റ് ആഫ്രിക്ക'' എന്ന

**ആവേശവും ഉദ്വേഗവും നിറഞ്ഞ നിമിഷങ്ങൾ ഏറെ സമ്മാനിക്കുന്ന ഏകദിനമത്സരങ്ങൾ, ജനപ്രീതിയുടെയും പ്രചാരത്തിന്റെയും കാര്യത്തിൽ ടെസ്റ്റ് മത്സരങ്ങളെ ഏറെ പിന്നിലാക്കി മുമ്പോട്ടു പോയപ്പോഴാണ്, ക്രിക്കറ്റ് കളിക്കുന്ന രാജ്യങ്ങളെ പങ്കെടുപ്പിച്ച് നാലു വർഷത്തിലൊരിക്കൽ ലോകകപ്പ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് നടത്താൻ ഇന്റർനാഷണൽ ക്രിക്കറ്റ് കൗൺസിൽ തീരുമാനിച്ചത്.**

കുഞ്ഞൻടീമിനോടെങ്കിലും ഇന്ത്യക്ക് വിജയിക്കാനായെങ്കിൽ, 1979 ൽ നടന്ന രണ്ടാം ലോകകപ്പിൽ ഒരു മത്സരത്തിൽ പോലും ജയിക്കാനായില്ല. അത്തവണയും വെസ്റ്റിൻഡീസ് തന്നെ ചാമ്പ്യൻമാരായി. ഫൈനലിൽ തോൽപ്പിച്ചത് ഇംഗ്ലണ്ടിനെ.

1983 ൽ നടന്ന ലോകകപ്പ്, ഇന്ത്യയുടെ ക്രിക്കറ്റ് ചരിത്രത്തിലെ ഏറ്റവും മഹനീയമായ മുഹൂർത്തം സമ്മാനിച്ചു. ആദ്യന്തം ആവേശം അലതല്ലിയ ഫൈനലിൽ തുടർച്ചയായി മൂന്നാം കിരീടം തേടിയിറങ്ങിയ വെസ്റ്റിൻഡീസിനെ തോൽപ്പിച്ചുകൊണ്ട് ഇന്ത്യ ലോകചാമ്പ്യൻമാരായി. മൊഹീന്ദർ അമർനാഥ് ഫൈനലിലെ മികച്ച താരവും.

ആദ്യ മൂന്നു ലോകകപ്പുകളും (1975, 1979, 1983) നടന്നത് ഇംഗ്ലണ്ടിലാണ്. 1987 ലെ ലോകകപ്പിന് ഇന്ത്യയും പാക്കിസ്ഥാനും സംയുക്തമായി ആതിഥ്യം വഹിച്ചു. മത്സരദൈർഘ്യം 50 ഓവറാക്കി കുറച്ച ടൂർണമെന്റിൽ ആസ്ട്രേലിയ ചാമ്പ്യന്മാരായി.

ആസ്ട്രേലിയയിലും ന്യൂസിലാൻഡിലുമായി നടന്ന 1992 ലെ ലോകകപ്പിൽ പാക്കിസ്ഥാനും, 1996 ൽ ഇന്ത്യയിലും ബംഗ്ലാദേശിലും ശ്രീലങ്കയിലുമായി നടന്ന ടൂർണമെന്റിൽ ശ്രീലങ്കയും കിരീടമണിഞ്ഞു.

പിന്നീടുള്ള മൂന്നു ചാമ്പ്യൻഷിപ്പുകളിലും കളം നിറഞ്ഞാടിയത് ആസ്ട്രേലിയയായിരുന്നു. 1999 ലും 2003 ലും 2007 ലുമായി ആസ്ട്രേലിയ ഹാട്രിക് വിജയം കൊയ്തു. 2003 ൽ ഇന്ത്യയെയാണ് അവർ ഫൈനലിൽ തോൽപ്പിച്ചത്.

2011 ൽ ലോകകപ്പ് വീണ്ടും ഏഷ്യൻ മണ്ണിലെത്തി. ഇന്ത്യയും ബംഗ്ലാദേശും ശ്രീലങ്കയും പാക്കിസ്ഥാനും ചേർന്ന് നടത്താൻ തീരുമാനിക്കപ്പെട്ടിരുന്നുവെങ്കിലും, 2009 ൽ ശ്രീലങ്കൻ ക്രിക്കറ്റ് ടീം ലാഹോറിൽവെച്ച് ആക്രമിക്കപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ പാക്കിസ്ഥാനിൽ മത്സരങ്ങളൊന്നും നടത്തിയില്ല.

14 രാഷ്ട്രങ്ങൾ പങ്കെടുത്ത ടൂർണമെന്റിൽ ഇന്ത്യ ചാമ്പ്യൻമാരായി. മുംബൈ വാംഖെടെ സ്റ്റേഡിയത്തിൽ ശ്രീലങ്കയ്ക്കെതിരെയായിരുന്നു ഫൈനൽ. ഇന്ത്യയുടെ രണ്ടാം കിരീടം.

വീണ്ടുമൊരു ലോകകപ്പിനു സമയമായിരിക്കുന്നു. പതിനൊന്നാം ലോകകപ്പ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫെബ്രുവരി 14 മുതൽ മാർച്ച് 29 വരെ ആസ്ട്രേലിയയിലും ന്യൂസിലാൻഡിലുമായി നടക്കും. ഇന്ത്യ, ബംഗ്ലാദേശ്, പാക്കിസ്ഥാൻ, അഫ്ഘാനിസ്ഥാൻ, ശ്രീലങ്ക, യുണൈറ്റഡ് അറബ് എമിറേറ്റ്സ്, ഇംഗ്ലണ്ട്, ആസ്ട്രേലിയ, ന്യൂസിലാൻഡ്, അയർലണ്ട്, സ്കോട്ട്ലാൻഡ്, സൗത്ത് ആഫ്രിക്ക, വെസ്റ്റിൻഡീസ്, സിംബാബ്വെ എന്നീ 14 രാഷ്ട്രങ്ങളാണ് ഇത്തവണ മത്സരിക്കുന്നത്. അഫ്ഘാനിസ്ഥാൻ ആദ്യമായാണ് ലോകകപ്പിൽ പങ്കെടുക്കുന്നത്.


2011 ൽ ഇന്ത്യയെ വിജയത്തിലേക്കു നയിച്ച മഹേന്ദ്രസിംഗ്ധോണി തന്നെയാണ് ഇത്തവണയും ക്യാപ്റ്റൻ. വിരാട് കോലിയാണ് വൈസ്ക്യാപ്ടൻ. 1992നു ശേഷം സച്ചിൻ ടെണ്ടുൽക്കറില്ലാതെ ഇതാദ്യമായി ഇന്ത്യ ലോകകപ്പിൽ മത്സരിക്കുന്നു. ധോണി, കോലി, സുരേഷ്റെയ്ന, ആർ അശ്വിൻ എന്നിവരൊഴികെയുള്ള ടീമംഗങ്ങൾ ആദ്യമായി ലോകകപ്പിൽ പങ്കെടുക്കുന്നവരാണ്.

പുതുരക്തം നിറഞ്ഞ ഇന്ത്യൻ ടീമിന് കിരീടം നിലനിർത്താൻ കഴിയട്ടെ.

# ആമയുടെ അധികപ്രസംഗം

**(ജാതകകഥ)**
**ചിത്രീകരണം വെങ്കി**

**ഹിമാലയത്തിന്റെ താഴ്‌വരയിലെ കുളത്തിൽ ഒരു ആമ പാർത്തിരുന്നു.**



ആയിടക്കാണ് അവിടെ രണ്ട് അരയന്നങ്ങൾ ഇരതേടി വന്നത്. പതിയെ ആമയും അരയന്ന ങ്ങളും ചങ്ങാതിമാരായി.

കുറെക്കാലം കഴിഞ്ഞപ്പോൾ അരയന്നങ്ങൾ തങ്ങളുടെ താമ സസ്ഥലത്തേക്ക് തിരിച്ചു പോകാനൊരുങ്ങി.
അവർ ആമയോടു പറഞ്ഞു:

“കൈലാസത്തിലെ മാനസ സരസ്സിലാണ് ഞങ്ങളുടെ താമസം. നീയും അവിടേക്കു വരുന്നോ?”


അവിടത്തെ സുഖസൗകര്യ ങ്ങളെക്കുറിച്ചുള്ള വർണന കൾ കേട്ടപ്പോൾ ആമയ്ക്ക് അവിടേക്കു പോകാൻ തിടുക്കമായി.

"പക്ഷേ എനിക്ക് ഇഴഞ്ഞല്ലേ വരാൻ കഴിയൂ. നിങ്ങളെപ്പോലെ പറക്കാൻ കഴിവില്ലല്ലോ എനിക്ക്. ” ആമ ചോദിച്ചു.

അരയന്നങ്ങൾ അതിനൊരു പോംവഴി കണ്ടെത്തി.

നല്ല ബലമുള്ള ഒരു കമ്പെടുത്ത് ആമയോടു നടുവിൽ കടിക്കാൻ പറഞ്ഞു.
എന്നിട്ട് അതിന്റെ രണ്ടറ്റവും അരയന്നങ്ങളും കടിച്ചെടുത്തു. എന്നിട്ട് പതിയെ ആകാശത്തേ ക്കു പറന്നുയർന്നു.







വാരണാസിയുടെ മുകളിലെത്തിയപ്പോൾ രണ്ടു കുട്ടികൾ ഈ കാഴ്ച കണ്ട് അരയന്നങ്ങളെയും ആമയെയും കളിയാക്കിച്ചിരിക്കാൻ തുടങ്ങി. ആമയ്ക്ക് ഈ കളിയാക്കൽ സഹിച്ചില്ല.

"ഞാൻ പറക്കുന്നതിന് നിങ്ങൾക്കെന്തു ചേതം?."
ഇതു ചോദിക്കാൻ ആമ വായ തുറന്നു. പാവം ആമ.

'ബ്ധും!!' ആമ ചെന്നുവീണത് കൊട്ടാരമുറ്റത്തായിരുന്നു.



രാജാവായ ബ്രഹ്മദത്തനും മന്ത്രിയായ ബോധിസത്വനും അതു കണ്ടുനിൽക്കുകയായിരുന്നു. ആമ ചത്തുകിടക്കുന്നതു കണ്ടു ബോധിസത്വൻ പറഞ്ഞു.
"മണ്ടത്തരം കാട്ടുന്നവർക്ക് ഇതുതന്നെ അനുഭവം."



# കാല്യകാന്തി

**ചങ്ങമ്പുഴ കൃഷ്ണപിള്ള**

മഹിമയ്ക്കു വാഴുവാനുള്ള വീടേ,
മലയാളനാടേ ജയിക്ക മേന്മേൽ!
ഭവുകങ്ങൾ പൂത്തു തളിർത്തുനില്ക്കും
ഭവദങ്കച്ഛായയിൽ വിശ്രമിക്കേ;
പുതുവെളിച്ചങ്ങളെ പുല്കിപ്പുല്കി
പുളകം പുതയ്ക്കുന്നു ജീവിതങ്ങൾ!
അഭിനവാദർശങ്ങൾ കർമ്മധീരർ-
ക്കഭിനയവേദിയൊരുക്കിനില്പൂ.
അണിയുവാൻ വെമ്പുന്നു കൗതുകങ്ങ-
ളറിവിന്റെ വാടാമലർക്കുലകൾ.
പരിചിൽ പകരുന്നു പഞ്ചമങ്ങൾ
പരിവർത്തനങ്ങളാം കോകിലങ്ങൾ.
മലയാളനാടേ, നിൻ മാറിലോരോ
മലർമാല ചാർത്തുന്നു മഞ്ജിമകൾ.
വിജയിക്കൂ ഞങ്ങൾ പിറന്ന നാടേ!
വിമലശ്രീ നിത്യം പുലർന്ന വീടേ!
കരൾകക്കും നിൻകളിത്തോപ്പിലെത്ര
കവികോകിലങ്ങൾ പറന്നുപാടി!
അവിരളോന്മാദം തരുന്നു ഞങ്ങൾ-
ക്കവർപെയ്ത കാകളിത്തേന്മഴകൾ.

പരശതം വർഷങ്ങൾക്കപ്പുറത്താ-
പരിചേലും തുഞ്ചൻപറമ്പിലെങ്ങോ
ഒരു തൈമരത്തിൻ തളിർത്ത കൊമ്പ-
ത്തൊരു പച്ചത്തത്തമ്മ കൂടുകൂട്ടി,
അഖിലവേദാന്ത പുരാണതത്ത്വ-
മവളാത്തമോദമെടുത്തുപാടി;
അഴകുറ്റ ഗാനമേ നിന്റെ മുൻപിൽ
തൊഴുകൈപ്പൂമൊട്ടുമായ് നില്പു ഞങ്ങൾ.



വര: കെ പി മുരളീധരൻ

(മലയാളികളെ വളരെയേറെ ആകർഷിച്ച ഒരു കവിയായിരുന്നു ചങ്ങമ്പുഴ കൃഷ്ണപിള്ള. എറണാകുളം ജില്ലയിലെ ഇടപ്പള്ളിയിൽ 1911 ഒക്ടോബർ 10 ന് ചങ്ങമ്പുഴ ജനിച്ചു. തന്റെ ഉറ്റ സുഹൃത്തായിരുന്ന ഇടപ്പള്ളി രാഘവൻപിള്ളയുടെ മരണത്തെത്തുടർന്ന് ചങ്ങമ്പുഴ എഴുതിയ 'രമണൻ' എന്ന വിലാപകാവ്യം കേരളത്തിൽ തരംഗം സൃഷ്ടിച്ചു. തുടർന്നെഴുതിയ രക്തപുഷ്പങ്ങൾ, സ്പന്ദിക്കുന്ന അസ്ഥിമാടം, സ്വരരാഗസുധ എന്നീ കാവ്യസമാഹാരങ്ങളും മലയാളികൾ നെഞ്ചിലേറ്റുവാങ്ങി.)



# 24 സ്രാവുകൾ കടലിലെ കടുവകൾ

മനോജ് പി

**സിനിമകളും നോവലുകളും തീർത്ത ഒരു ഭീകരലോകമുണ്ട്. കൊലയാളിസ്രാവുകളുടെ ഒരു ലോകം. ശരിക്കും അവർ അങ്ങനെയാണോ? നാം മനുഷ്യർ വിനോദത്തിനും ആഹാരത്തിനും വേണ്ടി വേട്ടയാടുന്ന സ്രാവുകളുടെ എണ്ണമാണ് ശരിക്കും നമ്മെ ഭയപ്പെടുത്തേണ്ടത്.**

**നിരവധിയിനം സ്രാവുകൾ ലോകത്തുണ്ട്. അവയിൽ പലതും ഗുരുതരമായ വംശനാശഭീഷണിയിലും. പോണ്ടിച്ചേരി സ്രാവിനെപ്പോലെ ഓരോ സ്രാവുകളും വിസ്മൃതിയിലേക്കു മറയുന്നു. നമുക്ക് അടുത്തറിയാം അവരെ.**

സ്രാവ്! ആ പേരു കേൾക്കുമ്പോൾ എന്താണു നമ്മുടെ മനസ്സിൽ തെളിയുന്ന ചിത്രം? വളരെ അലസമട്ടിൽ സമുദ്രത്തിന്റെ അഗാധതയിൽ നീന്തിത്തുടിച്ച് വർദ്ധിച്ച ശൗര്യത്തോടെ മനുഷ്യനെയും മറ്റിരകളേയും കടിച്ചുകീറുന്ന കൂർത്ത പല്ലുകളുള്ള ഒരു ഭീമാകാരമത്സ്യം. കഥകളും സിനിമകളുമൊക്കെ ഇത്തരം ചിത്രങ്ങളാണ് നമ്മുടെ മനസ്സിൽ കോറിയിട്ടിരിക്കുന്നത്. ക്രൂരതയുടെ പ്രതീകമായിട്ടാണ് സ്രാവുകൾ കടന്നുവരുന്നത്. ശരിക്കും അങ്ങനെ തന്നെയാണോ? മുൻവിധികൾ മാറ്റിവച്ച് നമുക്ക് സ്രാവുകളെ അടുത്തറിയാം.

## എല്ലില്ലാസ്രാവ്

സ്രാവുകൾക്ക് എല്ലുകളില്ലെന്ന് അറിയാമല്ലോ? ഏറ്റവും വലിയ തരുണാസ്ഥിമത്സ്യമാണ് സ്രാവ്. ഏറ്റവും വലിയ മത്സ്യമോ? അതും സ്രാവുതന്നെ, പേര് 'തിമിംഗലസ്രാവ്'. നീണ്ട ശരീരവും ത്രികോണാകൃതിയുള്ള ചിറകുകളും പാരയുടെ ആകൃതിയിലുള്ള മുഖവും അർദ്ധവൃത്താകൃതിയിലുള്ള വായുമാണ് സ്രാവുകൾക്ക്. ശരീരത്തിൽ ചിതമ്പലുകളില്ല എന്ന പ്രത്യേകതകൂടിയുണ്ട്. പകരം ശരീരം മുഴുവൻ എഴുന്നുനിൽക്കുന്ന ചെറു

ശല്ക്കങ്ങൾ ഉണ്ട്. പ്ലാകോയിഡ് സ്കെയിൽസ് (placoid scales) എന്നാണ് ഇതിനുപറയുക. ശരീരത്തിന് പരുപരുപ്പ് നൽകുന്നത് ഈ ശല്ക്കങ്ങളാണ്. അതുകൊണ്ടുതന്നെ നല്ല കട്ടിയേറിയതാണ് സ്രാവിന്റെ തൊലി.

വാലും വാൽച്ചിറകുകളും വശങ്ങളിലേക്കു ചലിപ്പിച്ചാണ് സ്രാവുകൾ സഞ്ചരിക്കുന്നത്. വെള്ളത്തിൽ നിശ്ചലമായി നിൽക്കുവാനും സഞ്ചാരത്തിന്റെ ഗതി നിർണയിക്കുവാനും സഹായിക്കുന്നത് മുതുകിലെയും വശങ്ങളിലെയും ചിറകുകളാണ്. ശരീരത്തിൽ വായുഅറകളില്ലാത്തതിനാൽ സ്രാവുകൾക്ക് മറ്റു മത്സ്യങ്ങളെപ്പോലെ ജലോപരിതലത്തിൽ പൊങ്ങിക്കിടക്കുവാൻ കഴിയുകയില്ല. സ്രാവുകളുടെ തലയുടെ ഇരുവശങ്ങളിലും കത്തികൊണ്ടു വരഞ്ഞതുപോലെയുള്ള 5 വരകൾ ഉണ്ട്. സ്രാവിന്റെ ചെകിളപ്പൂക്കളാണിവ. നല്ലഘ്രാണശക്തിയുള്ള മത്സ്യങ്ങളാണ് സ്രാവുകൾ. ഒരുതുള്ളി രക്തത്തിന്റെ മണം ഇരുന്നൂറുമീറ്റർ അകലെനിന്നു സ്രാവുകൾക്കു തിരിച്ചറിയാൻ സാധിക്കും.

നല്ല മൂർച്ചയുള്ള പല്ലുകളാണ് സ്രാവുകളുടേത്. പല്ലുകൾ ഇരയെ കടിച്ചുമുറിക്കാനും തുണ്ടമാക്കുവാനുമാണ് ഉപയോഗിക്കുന്നത്. മൂർച്ചയേറിയ പല്ലുകളാൽ ആക്രമിച്ച് തുണ്ടമാക്കിയ ഇരയെ വിഴുങ്ങുകയാണു സ്രാവുകൾ ചെയ്യുന്നത്.

## പ്രസവിക്കുന്ന സ്രാവും മുട്ടയിടുന്ന സ്രാവും


പാമ്പുകളുടെ കാര്യത്തിലെന്നപോലെ സ്രാവുകളിൽ കുഞ്ഞുങ്ങളെ പ്രസവിക്കുന്നവരും മുട്ടയിടുന്നവരുമുണ്ട്. സ്രാവുകളുടെ പ്രണയവും ഇണചേരലുമൊക്കെ വളരെക്കുറച്ചുമാത്രമേ പഠനവിധേയമായിട്ടുള്ളൂ. മൊത്തം സ്രാവിനങ്ങളിൽ ഏതാണ്ട് 40% മുട്ടയിടുന്നവ (Oviparous) യാണ്. വളരെ ചിത്രപ്പണികളുള്ള ഒരു സഞ്ചിയിലാണ് മുട്ടകൾ പുറത്തുവരിക. ഈ മുട്ടസഞ്ചികൾ കടലിലെ പാറക്കെട്ടുകളിലും മറ്റും പറ്റിപ്പിടിച്ചുകിടക്കും. 'മെർമെയ്ഡ് പേഴ്സ്' എന്നാണ് ഈ മുട്ട സഞ്ചികൾക്കു പറയുക.

മറ്റിനം സ്രാവുകളുടെ മുട്ടകൾ വയറിനുള്ളിൽ വച്ചു വിരിയും. (Ovoviviparous) അവ കുഞ്ഞുങ്ങളെ പ്രസവിക്കുകയും ചെയ്യുന്നു. മുട്ടയിടുന്ന സ്രാവുകളിൽ അമ്മ സ്രാവുകൾ പലപ്പോഴും മുട്ടകളുടെ സംരക്ഷണത്തിനുവേണ്ടി അവയ്ക്കടുത്ത് കഴിയാറുണ്ട്. വീണ്ടും വരുന്ന കുഞ്ഞുങ്ങൾ മുതിർന്നവയുടെ ചെറിയ പതിപ്പുകൾ തന്നെയായിരിക്കും. ചില മുട്ടകൾ വിരിയാൻ കാലമേറെ എടുക്കുമ്പോൾ മറ്റുചിലവ പെട്ടെന്നുതന്നെ വിരിയുന്നു.

അമ്മയുടെ ഗർഭാശയത്തിൽ വച്ച് മുട്ടവിരിഞ്ഞുപുറത്തുവരുന്ന സ്രാവിൻകുഞ്ഞുങ്ങളുടെ കാര്യം പറഞ്ഞുവല്ലോ. ജീവിക്കാനുള്ള മത്സരം കുഞ്ഞുങ്ങൾ അവിടെത്തുടങ്ങുകയായി. മുതിർന്ന കുഞ്ഞുങ്ങൾ അമ്മയുടെ വയറിനുള്ളിൽ വച്ചുതന്നെ സ്വന്തം സഹോദരങ്ങളെ തിന്നാറുണ്ട്. 'സാൻഡ് ടൈഗർ സ്രാവു'കളുടെ കുട്ടികൾ ഇതിനു നല്ലൊരു ഉദാഹരണമാണ്. ഇങ്ങനെയാകുമ്പോൾ പലപ്പോഴും ശക്തയായ ഒരു കുഞ്ഞു മാത്രമേ പുറത്തുവരാറുള്ളൂ. ചുറ്റികത്തലയൻ സ്രാവുകളിലും മറ്റും പ്രജനനം ഏതാണ്ട് സസ്തനികളുടെതുപോലെയാണ്.


സ്രാവിന്റെ മുട്ട


കുക്കികട്ടർസ്രാവിന്റെ പല്ലുകൾ



സാൻഡ് ടൈഗർ സ്രാവ്

ആയുർദൈർഘ്യം ഏറെയുള്ള സ്രാവുകളുടെ വളർച്ച വളരെ സാവധാനത്തിലാണ്. ജീവിതകാലത്ത് താരതമ്യേന വളരെക്കുറച്ച് അനന്തര തലമുറകൾക്കു മാത്രമേ സ്രാവുകൾ ജന്മം നൽകാറുള്ളൂ. അതുകൊണ്ടുതന്നെ ആഹാരത്തിനും വിനോദത്തിനും വേണ്ടി മനുഷ്യർ സ്രാവുകളെ കൊന്നൊടുക്കുമ്പോൾ അവയ്ക്ക് വളരെ വേഗം വംശനാശം സംഭവിക്കുന്നു.

## കാഴ്ചയും കേൾവിയും

ഇരപിടിയരാണ് സ്രാവുകൾ എന്നുപറഞ്ഞുവല്ലോ. കാഴ്ചശക്തിയും ഘ്രാണശക്തിയും കേൾവിശക്തിയും ഇരപിടിയർക്ക് ഒഴിച്ചുകൂടാനാവാത്തതാണ്. സ്രാവുകളെ സംബന്ധിച്ചിടത്തോളം ഘ്രാണശക്തി കേൾവിയേക്കാൾ പ്രധാനമാണുതാനും. അതിസങ്കീർണമായ സംവിധാനങ്ങളാണ് സ്രാവുകളുടെ നാസാരന്ധ്രങ്ങളിൽ പ്രകൃതി ഒരുക്കിവച്ചിരിക്കുന്നത്. നേർത്ത ഗന്ധകണങ്ങൾപോലും പിടിച്ചെടുക്കുവാനും മനസ്സിലാക്കുവാനും അവയുടെ ശക്തി നിർണയിക്കുവാനും ഇതുവഴി സ്രാവുകൾക്കു സാധിക്കും. ഇവയെ കണ്ടെത്താൻ മാത്രമല്ല മറ്റു സ്രാവുകളുടെ സാന്നിധ്യമറിയാനും ഇതുവഴി സ്രാവുകൾക്കു കഴിയുന്നു.

നല്ല കാഴ്ചശക്തിയുമുണ്ട് സ്രാവുകൾക്ക്. രാത്രിയിൽ കടലിന്റെ അഗാധതയിൽ ഇര തേടുന്ന സ്രാവുകൾക്ക് വലിയ കണ്ണുകളാണ് ഉള്ളത്. പൂച്ചയുടെ കണ്ണുകൾ പോലെ വളരെ നേർത്ത പ്രകാശത്തിലും അവയ്ക്ക് കാഴ്ച സാധ്യമാക്കുന്നു. സ്രാവുകൾക്ക് കൺപോളകൾ അടയ്ക്കാൻ കഴിയുകയില്ല. എന്നാൽ ചിലയിനം സ്രാവുകൾക്ക് കണ്ണുകളുടെ സംരക്ഷണത്തിനു മൂന്നാമതൊരു കൺപോളകൾ കൂടി കാണാം. സ്പർശനശേഷിയും സ്രാവുകൾക്കുണ്ട്. ജലത്തിലുണ്ടാകുന്ന തരംഗ വ്യതിയാനങ്ങളും മർദ്ദവ്യത്യാസങ്ങളും മനസ്സിലാക്കി ശബ്ദങ്ങൾ തിരിച്ചറിയാനും സ്രാവുകൾക്ക് കഴിയും.

**ജീവിതകാലത്ത് താരതമ്യേന വളരെക്കുറച്ചു തലമുറകൾക്കു മാത്രമേ സ്രാവുകൾ ജന്മം നൽകാറുള്ളൂ. അതുകൊണ്ടു തന്നെ ആഹാരത്തിനും വിനോദത്തിനും വേണ്ടി മനുഷ്യർ സ്രാവുകളെ കൊന്നൊടുക്കുമ്പോൾ അവയ്ക്കു വളരെ വേഗം വംശനാശം സംഭവിക്കുന്നു.**



പോർട്ടുഗീസ്സ്രാവിന്റെ മുട്ടകൾ



സ്രാവിന്റെ കണ്ണ്

## നമ്മുടെ സ്രാവുകൾ

നമ്മുടെ കടലും സ്രാവുകളാൽ സമൃദ്ധമാണ്. മിക്ക മത്സ്യചന്തകളിലും ചുറ്റികത്തലയൻ സ്രാവുകളും മറ്റു സ്രാവുകളും വിൽപ്പനയ്ക്കു വെച്ചിരിക്കുന്നത് ഒരു സാധാരണകാഴ്ചയാണ്. സ്രാവിൻകുഞ്ഞുങ്ങളാണ് അധികവും എന്നത് സങ്കടകരമായ ഒരു

വസ്തുതയാണ്. ഇനി നമ്മുടെ സ്രാവുകൾ ഏതൊക്കെയാണെന്നു നോക്കാം.

### 1.പോണ്ടിച്ചേരിസ്രാവ്

(പാണ്ടിസ്രാവ്) (Pondicherry Shark - Carcharhinus hemiodon)


നമ്മുടെ സ്രാവുകളിൽ ഏറ്റവും അപൂർവ്വ ഇനമാണ് പോണ്ടിച്ചേരിസ്രാവ്. കടുത്ത വംശനാശഭീഷണി നേരിടുന്ന ജീവികളുടെ പട്ടികയിലാണ് പോണ്ടിച്ചേരി സ്രാവിനെ IUCN ഉൾപ്പെടുത്തിയിരിക്കുന്നത്. 1979 നു ശേഷം ഈ സ്രാവിനെ കണ്ടതായുള്ള വിശ്വസനീയമായ വിവരങ്ങൾ ലഭിച്ചിട്ടില്ല.

തീരത്തോടടുത്തുള്ള കടലാണ് പോണ്ടിച്ചേരി സ്രാവിനു പ്രിയം. അഴിമുഖങ്ങളിലേക്കും കടക്കാറുണ്ട്. ഏതാണ്ട് ഒരു മീറ്ററോളം നീളമേ പോണ്ടിച്ചേരിസ്രാവിനുള്ളൂ. നീണ്ടുകൂർത്ത മൂക്കും പരന്ന നാസാരന്ധ്രങ്ങളും പോണ്ടിച്ചേരിസ്രാവിന്റെ പ്രത്യേകതകളാണ്. നല്ല വൃത്താകൃതിയിലുള്ള വലിയ കണ്ണുകളാണ് ഈ സ്രാവിന്. 12 മുതൽ 14 വരെ പല്ലുകളുടെ ഒരു നിരയുണ്ടാകും വായിൽ.

പാണ്ടിസ്രാവിനെക്കുറിച്ച് വളരെ കുറച്ചു വിവരങ്ങളെ ഈ വിഷയത്തിൽ നല്ല പാണ്ഡിത്യമുള്ള ശാസ്ത്രജ്ഞർക്കുപോലും അറിയുകയുള്ളൂ. ഒരു പക്ഷേ നാംപോലും അറിയാതെ നമ്മുടെ വറചട്ടിയിലേക്കെത്തുന്ന സ്രാവുകളിലൊന്ന് ഈ അപൂർവ്വജീവി ആകാം.

### 2. ഫ്രില്‍ഡ് സ്രാവ് (Frilled Shark - Chlamydoselachus anguineus)

ഏതാണ്ട് തലമുതൽ വാലുവരെ 196 സെന്റീമീറ്റർ നീളം വയ്ക്കുകയും ചോക്ലേറ്റ് നിറമോ ചാരനിറമോ ആയ ഇവ കാഴ്ചയിൽ പാമ്പുകളെ അനുസ്മരിപ്പിക്കുന്നു. ആഴക്കടലിൽ കാണപ്പെടുന്ന സ്രാവുകളെപ്പോലെ ഇവയുടെ കണ്ണുകൾക്ക് തിളങ്ങുന്ന നിറമുള്ള കൃഷ്ണമണികളാണ് ഉണ്ടാകുക. ചെറുതും മൂർച്ചയേറിയതുമായ പല്ലുകൾ ഈ സ്രാവുകളുടെ പ്രത്യേകതയാണ്.


പോണ്ടിച്ചേരി സ്രാവ്


ഫ്രില്‍ഡ് സ്രാവ്


റഫ്സ്കിൻ സ്പർഡോഗ്

തീരക്കടലിലും ആഴക്കടലിലും ലഗൂണുകളിലുമെല്ലാം ഫ്രിൽഡ് സ്രാവുകൾ കാണപ്പെടുന്നു. ലോകത്തെ മിക്ക കടലുകളിലും ഇവയെ കണ്ടെത്തിയിട്ടുണ്ടെങ്കിലും എങ്ങും അധികമില്ല. വായ തുറന്നു പിടിച്ചു നീന്തി ഇരയെ അകത്താക്കുകയാണ് ഫ്രിൽഡ് സ്രാവുകൾ ചെയ്യുന്നത്. ഫ്രിൽഡ് സ്രാവുകൾ കുഞ്ഞുങ്ങളെ പ്രസവിക്കുന്നവ ആണ്. ഒരു പ്രസവത്തിൽ 6 മുതൽ 12 വരെ കുട്ടികളുണ്ടാകും. വളരെ നീണ്ട ഗർഭകാലമാണ് ഈ സ്രാവുകൾക്ക്. രണ്ടു വർഷംവരെ നീണ്ടു പോകും.

### 3.റഫ്സ്കിൻ സ്പർ ഡോഗ് (Roughskin spurdog- - Cirrhigaleus asper)



പേരു സൂചിപ്പിക്കുന്നതു പോലെ പരുപരുത്ത കട്ടിത്തൊലിയുള്ള സ്രാവാണിത്. പൂർണവളർച്ചയെത്തിയ ആണിന് 85–90 സെന്റീമീറ്റർ വരെ നീളമുണ്ടാകും. പെണ്ണിനാണ് നീളക്കൂടുതൽ. 89–118 സെന്റീമീറ്റർ വരെ അവൾ വളരും. തടിച്ചു പരന്നതലയും അറ്റം വെളുത്ത ചിറകുകളും ഈ സ്രാവിന്റെ പ്രത്യേകതകളാണ്. മുതുചിറകുകൾക്ക് എല്ലാം ഒരേപോലെ വലിപ്പവും ഉണ്ടാകും. മത്സ്യങ്ങളാണ് പ്രധാന ഭക്ഷണം. ഇന്ത്യൻ മഹാസമുദ്രത്തിലും അത്‌ലാന്റിക്കിലും പസഫിക്കിലുമൊക്കെ ഈ സ്രാവ് കാണപ്പെടുന്നു.

ഫ്രിൽഡ് സ്രാവുകളെപ്പോലെ കുഞ്ഞുങ്ങളെ പ്രസവിക്കുകയാണ് ഈ സ്രാവുകളും. ഒറ്റ പ്രസവത്തിൽ 18 മുതൽ 22 വരെ കുഞ്ഞുങ്ങളുണ്ടാവും. ഭക്ഷ്യാവശ്യത്തിനുവേണ്ടി ധാരാളം പിടിക്കപ്പെടുന്ന സ്രാവുകളിലൊന്നാണിത്.

### 4. ബ്ലണ്ട്നോസ് സിക്സ്ഗിൽ സ്രാവ് (Bluntnose sixgill shark - Hexanchus griseus)

സമുദ്രത്തിന്റെ അഗാധതയിൽ വസിക്കുന്ന വലിയ സ്രാവുകളിലൊന്ന്. 482 സെന്റീമീറ്റർ വരെ നീളം വയ്ക്കും. പതുക്കെ ആണെങ്കിലും വളരെ ദൂരം സഞ്ചരിക്കും. കറുപ്പുമുതൽ ചാരമോ തവിട്ടോ ആയ നിറങ്ങളിൽ കാണപ്പെടുന്നു. 500 മുതൽ 1100 മീറ്റർ വരെ താഴ്ചയിലാണ് സാധാരണ കാണപ്പെടുന്നത്. 1875 മീറ്റർ വരെ ആഴത്തിൽ വസിക്കുവാൻ ഇവയ്ക്കു കഴിയും. അന്തർവാഹിനികൾക്കു സമീപം നാവികർ പലപ്പോഴും ഈ സ്രാവുകളെ കാണാറുണ്ട്. മത്സ്യങ്ങളും ചെറുസ്രാവുകളും കടലാമകളും മാത്രമല്ല കടൽസസ്തനികളെയും ഇവ അകത്താക്കും. കുഞ്ഞുങ്ങളെ പ്രസവിക്കുകയാണ് ചെയ്യുന്നത്. ഒറ്റപ്രസവത്തിൽ 22 മുതൽ 103 കുഞ്ഞുങ്ങൾ വരെ ഉണ്ടാകാറുണ്ട്. മുതിർന്നവ ഉഷ്ണമേഖലാസമുദ്രങ്ങളിൽ കൂടുതൽ കാണപ്പെടുമ്പോൾ കുഞ്ഞുങ്ങൾ അധികം കാണുന്നത് ശീതമേഖലാ സമുദ്രങ്ങളിലാണ്.

### 5. ഗൾപ്പർ സ്രാവ് (Gulper Shark - Centrophorus granulosus)

ചാരനിറമോ തവിട്ടുകലർന്ന ചാരനിറമോ ഉള്ള ഒരു ചെറിയ സ്രാവാണ് ഗൾപ്പർ സ്രാവ്. ആൺസ്രാവ് 60–80 സെന്റീമീറ്റർ വരെ നീളം വയ്ക്കും. പെണ്ണിന് 90 മുതൽ 105 സെന്റീമീറ്റർ വരെയാണ് സാധാരണ നീളം. 110 സെന്റീമീറ്റർ വരെ നീളമുള്ളവയെ കിട്ടിയിട്ടുണ്ട്. ഗൾപ്പർ സ്രാവ് കടുത്ത വംശനാശഭീഷണിനേരിടുന്ന മത്സ്യമാണ്. ആഴക്കടൽ മത്സ്യബന്ധനവും കുറഞ്ഞ പ്രജനനനിരക്കുമാണ്


കുക്കികട്ടർ സ്രാവ്


ബ്ലണ്ട്നോസ് സിക്സ്ഗിൽ


ഗൾപ്പർ സ്രാവ്

**ഗൾപ്പർ സ്രാവ് ഒരു തവണ ഒന്നോ രണ്ടോ കുഞ്ഞുങ്ങൾക്കു മാത്രമേ ജന്മം നൽകാറുള്ളൂ. ഇവയുടെ ജീവിതരീതിയെക്കുറിച്ചോ സ്വഭാവത്തെക്കുറിച്ചോ അധികം വിവരങ്ങൾ ലഭ്യമല്ല.**

പ്രധാന കാരണം. പ്രസവിക്കുന്ന ഈ സ്രാവ് ഒരു തവണ ഒന്നോ രണ്ടോ കുഞ്ഞുങ്ങൾക്കു മാത്രമേ ജന്മം നൽകാറുള്ളൂ. ഇവയുടെ ജീവിതരീതിയെക്കുറിച്ചോ സ്വഭാവത്തെക്കുറിച്ചോ അധികം വിവരങ്ങൾ ലഭ്യമല്ല.

### 6. പോർച്ചുഗീസ്സ്രാവ്

(Portuguese shark - Centroscymnus coelolepis)

കറുപ്പുമുതൽ സ്വർണവർണം കലർന്ന തവിട്ടുനിറത്തിലോ കാണപ്പെടുന്ന സ്രാവാണ് പോർച്ചുഗീസ്സ്രാവ്. മറ്റു സ്രാവുകളെ അപേക്ഷിച്ച് പോർച്ചുഗീസ്സ്രാവിന്റെ മുൻചുണ്ട് അല്പം ചെറുതാണ്. വലിയവായും വശങ്ങളിലെ ചെറിയ ചെകിളകളും പോർച്ചുഗീസ്സ്രാവിനെ മറ്റു സ്രാവുകളിൽ നിന്നും വ്യത്യസ്തമാക്കുന്നു. പൂർണവളർച്ചയെത്തിയ ആൺസ്രാവിന് 80 സെന്റീമീറ്റർ മുതൽ 100 സെന്റീമീറ്റർ വരെ നീളമുണ്ടാകും. പെൺസ്രാവുകൾക്ക് 120 സെന്റീമീറ്റർ വരെ നീളമുണ്ട്.

കടലിന്റെ അടിത്തട്ടിലോ അതിനോടുത്തോ ആണ് പോർച്ചുഗീസ്സ്രാവുകൾ ഇരതേടുക. പലപ്പോഴും വലിയ ഇരകളുടെ ശരീരത്തിൽ നിന്നും മാംസം കടിച്ചെടുത്തുകൊണ്ടോടുന്ന സ്വഭാവം ഇവയ്ക്കുണ്ട്. മത്സ്യങ്ങളും മറ്റു സ്രാവുകളുമൊക്കെ പോർച്ചുഗീസ്സ്രാവിന്റെ മെനുവിൽപ്പെടും

കുഞ്ഞുങ്ങളെ പ്രസവിക്കുന്ന സ്രാവാണ് പോർച്ചുഗീസ്സ്രാവ്. 13 മുതൽ 17 വരെ കുട്ടികൾ ഒറ്റപ്രസവത്തിലുണ്ടാവും അമിതമായ മത്സ്യബന്ധനമാണ് ഈ സ്രാവിന് ഭീഷണിയായിരിക്കുന്നത്. കടുത്തവംശനാശഭീഷണിനേരിടുന്ന സ്രാവുകളിലൊന്നാണിത്. അറബിക്കടലിലും ഇന്ത്യൻ മഹാസമുദ്രത്തിലും അത്ലാന്റിക്കിലുമൊക്കെ ഈ സ്രാവ് കാണപ്പെടുന്നു.


പോർട്ടുഗീസ് സ്രാവ്

### 7. കുക്കികട്ടർ സ്രാവ്

(Cookie cutter Shark - Isistius brasiliensis)

കുക്കികട്ടർ സ്രാവിനെ കണ്ടാൽ ഒരു സ്രാവാണെന്നു വിശ്വസിക്കാൻ പ്രയാസമായിരിക്കും. വൃത്താകൃതിയിലുള്ള വായും വായ നിറയെ മൂർച്ചയേറിയ പല്ലുകളും

ഈ സ്രാവുകളുടെ പ്രത്യേകതയാണ്. തവിട്ടുനിറമോ ചാരനിറമോ ഇവയുടെ കലർപ്പിലോ ആണ് കുക്കികട്ടർ സ്രാവുകൾ സാധാരണ കാണപ്പെടുന്നത്. ഇരുണ്ട വരയുള്ള കഴുത്തും നേർത്ത അരികുകളുള്ള ചിറകുകളുമാണ് കുക്കികട്ടർ സ്രാവിന്റേത്.

വായും പല്ലുകളുമാണ് ഈ സ്രാവിന്റെ എടുത്തു പറയത്തക്ക പ്രത്യേകത. വൃത്താകൃതിയിലുള്ള വായിൽ താഴത്തെ പല്ല് ത്രികോണാകൃതിയുള്ളതും വലിപ്പമേറിയവയുമാണ്. അതിനാൽ ഇരയുടെ ശരീരത്ത് ഇവയുണ്ടാക്കുന്ന മുറിവുകൾ വൃത്താകൃതിയിലുള്ളവയും കുഴിഞ്ഞതുമായിരിക്കും. അതാണീ സ്രാവുകൾക്ക് കുക്കി കട്ടർ എന്ന പേരുവരാനുള്ള കാരണം.

ഈ സ്രാവ് ഒരു ബാഹ്യപരാദം കൂടിയാണ്. വലിയ സ്രാവുകളുടെയും തിമിംഗലങ്ങളുടെയും ശരീരത്തിൽ അവ കടിച്ചു തൂങ്ങുന്നു. നാഷണൽ ജ്യോഗ്രഫിക്ക്, ഡിസ്കവറി തുടങ്ങിയ ചാനലുകളിൽ സ്രാവുകളെ കാണിക്കുമ്പോൾ ഇനി ശ്രദ്ധിക്കുക. കുക്കി കട്ടർ സ്രാവുകൾ അവയുടെ ശരീരത്തിൽ കടിച്ചുതൂങ്ങിയിരിക്കുന്നത് പലപ്പോഴും കാണാൻ സാധിക്കും.

വളരെ ചെറിയ സ്രാവുകളാണ് കുക്കി കട്ടർ സ്രാവുകൾ. ആൺ സ്രാവുകൾ 44 സെന്റീമീറ്റർ വരെയും പെൺസ്രാവുകൾ പരമാവധി 50 സെന്റീമീറ്റർ വരെയും മാത്രമേ നീളം വയ്ക്കാറുള്ളു.

കുഞ്ഞുങ്ങളെ പ്രസവിക്കുകയാണ് ചെയ്യുന്നത്. ഒറ്റ പ്രസവത്തിൽ 6–7 കുഞ്ഞുങ്ങളാണ് ഉണ്ടാവുക. മിക്ക സമുദ്രത്തിലും ഈ സ്രാവുകളുണ്ട്.

**കുക്കി കട്ടർ സ്രാവ് ഒരു ബാഹ്യപരാദം കൂടിയാണ്. വലിയ സ്രാവുകളുടെയും തിമിംഗലങ്ങളുടെയും ശരീരത്തിൽ അവ കടിച്ചു തൂങ്ങുന്നു. നാഷണൽ ജ്യോഗ്രഫിക്ക്, ഡിസ്കവറി തുടങ്ങിയ ചാനലുകളിൽ സ്രാവുകളെ കാണിക്കുമ്പോൾ ഇനി ശ്രദ്ധിക്കുക. കുക്കി കട്ടർ സ്രാവുകൾ അവയുടെ ശരീരത്തിൽ കടിച്ചുതൂങ്ങിയിരിക്കുന്നത് പലപ്പോഴും കാണാൻ സാധിക്കും.**

### 8. പൂച്ചസ്രാവ്

(Coral cat Shark- Atelomycterus marmoratus)

മെലിഞ്ഞ ഇരുണ്ട തവിട്ടുനിറത്തിൽ വെളുത്തപൊട്ടുകളുമുള്ള പൂച്ചസ്രാവ് കാഴ്ചയിൽ അതീവസുന്ദരമാണ്. പവിഴപ്പുറ്റുകൾക്കും പാറക്കെട്ടുകൾക്കുമിടയിലാണ് പൂച്ചസ്രാവുകൾ സാധാരണ കാണപ്പെടുക

ആൺസ്രാവിന് 87 സെന്റീമീറ്ററോളവും പെൺസ്രാവിന് 70 സെന്റീമീറ്ററോളവും നീളമുണ്ടാകും. പൂച്ചസ്രാവ് മുട്ടയിടുകയാണ് ചെയ്യുന്നത്. രണ്ടു മുട്ടസഞ്ചികളുണ്ടാവും.

ഇന്ത്യൻ മഹാസമുദ്രത്തിലും അറബിക്കടലിലും തെക്കൻ ചൈനാ കടലിലുമൊക്കെ ഈ സ്രാവുകൾ കാണപ്പെടുന്നു. വംശനാശഭീഷണി നേരിടുന്ന സ്രാവാണിത്. ആവാസവ്യവസ്ഥകളുടെ ശിഥിലീകരണമാണ് മുഖ്യകാരണം.

(തുടരും.)



പൂച്ചസ്രാവ്

# ഒഴിഞ്ഞ പൂച്ചട്ടി

പുനരാഖ്യാനം: **സന്ധ്യ**

പണ്ടുപണ്ട് ചൈനയിലെ ഒരു പ്രദേശത്തു പൂക്കളെ ഏറെ ഇഷ്ടപ്പെട്ട പിങ്ങ് എന്നൊരു ആൺകുട്ടിയുണ്ടായിരുന്നു. അവൻ വളർത്തുന്ന ചെടികളൊക്കെ പെട്ടെന്നു പൂവിടും. അവൻ നട്ടാൽ കൊച്ചുപൂച്ചെടികളും കുറ്റിച്ചെടികളും മാത്രമല്ല വൻവൃക്ഷങ്ങൾ പോലും ഏതോ മന്ത്രശക്തിയാലെന്ന പോലെ തഴച്ചുവളരും.

പിങ്ങിനെ പോലെ ആ നാട്ടിലെ എല്ലാവർക്കും പൂക്കൾ വളരെ ഇഷ്ടമാണ്. അവർ മുറ്റത്തും പറമ്പിലും വഴിയോരങ്ങളിലുമൊക്കെ നിറയെ പൂക്കുന്ന ചെടികൾ നട്ടു വളർത്തുമായിരുന്നു. ആ നാട്ടിലെ കാറ്റിനുപോലുമുണ്ടായിരുന്നു പൂക്കളുടെ ഗന്ധം.

പക്ഷികളെയും മൃഗങ്ങളെയും അവയ്ക്കുപരി പൂക്കളെയും വളരെ സ്നേഹിച്ചിരുന്ന ഒരു ചക്രവർത്തിയായിരുന്നു ആ നാട് ഭരിച്ചിരുന്നത്. ചക്രവർത്തിക്കും അദ്ദേഹം തന്നെ നട്ടു നനച്ചു വളർത്തിയിരുന്ന മനോഹരമായ ഒരു



വര: ജയേന്ദ്രൻ

പൂന്തോട്ടമുണ്ട്.

ചക്രവർത്തിക്ക് വളരെ പ്രായമായി. രാജ്യത്തിന്റെ ചുമതല ഏൽപ്പിക്കാൻ കഴിവുള്ള ഒരു അനന്തരാവകാശിയെ അദ്ദേഹം തേടാൻ തുടങ്ങി. ആരായിരിക്കും അദ്ദേഹത്തിന്റെ അനന്തരാവകാശി? എങ്ങനെയായിരിക്കും അദ്ദേഹം അനന്തരാവകാശിയെ കണ്ടെത്തുക? പൂക്കളെ വളരെ ഇഷ്ടമായിരുന്ന ചക്രവർത്തി തന്റെ പിൻഗാമിയെ തിരഞ്ഞെടുക്കാനുള്ള ചുമതല പൂക്കളെത്തന്നെ ഏൽപ്പിക്കാൻ തീരുമാനിച്ചു!

ചക്രവർത്തി ഉടനെ തന്റെ തീരുമാനം രാജ്യത്തുടനീളം വിളംബരം ചെയ്തു. രാജ്യത്തെ എല്ലാ കുട്ടികളോടും കൊട്ടാരത്തിലെത്താനും തന്റെ കൈയിൽ നിന്നും വിശേഷപ്പെട്ട പൂക്കളുടെ വിത്തുകൾ സ്വീകരിക്കാനും അദ്ദേഹം ആവശ്യപ്പെട്ടു. ആരാണോ ഒരു വർഷം കൊണ്ടു നന്നായി പരിശ്രമിച്ച് ഏറ്റവും ഭംഗിയുള്ള പൂക്കൾ വളർത്തുക, ആ കുട്ടിയായിരിക്കും തന്റെ അനന്തരാവകാശി എന്നായിരുന്നു ചക്രവർത്തിയുടെ വിളംബരം.

ചക്രവർത്തിയുടെ വിളംബരം കേട്ട് രാജ്യത്തെല്ലാവർക്കും ഉത്സാഹമായി. പൂക്കളുടെ വിത്തുകൾ കിട്ടാൻ നാട്ടിലെ എല്ലാ ഭാഗത്തുനിന്നും കുട്ടികൾ കൊട്ടാരത്തിലേക്കു പ്രവഹിക്കുവാൻ തുടങ്ങി.

ചക്രവർത്തിയുടെ കൈയിൽ നിന്നു വിത്തു വാങ്ങിയപ്പോൾ ഏറ്റവുമധികം സന്തോഷിച്ചത് പിങ്ങ് ആയിരുന്നു. ഏറ്റവും നല്ല പൂക്കൾ വളർത്തിയെടുക്കാൻ തനിക്കു കഴിയുമെന്ന് അവനു നല്ല തീർച്ചയായിരുന്നു.

ഒരു പൂച്ചട്ടിയിൽ നല്ല വളക്കൂറുള്ള മണ്ണ് നിറച്ച് പിങ്ങ് അതിൽ ചക്രവർത്തി കൊടുത്ത വിത്ത് വളരെ സൂക്ഷിച്ചുനട്ടു. ദിവസവും അവനതു നനച്ചു. വിത്തു മുളച്ചുവളർന്ന് മനോഹരമായ പൂക്കൾ വിരിയുന്നതു കാണാൻ അവൻ അക്ഷമനായി കാത്തുനിന്നു.

ദിവസങ്ങൾ കടന്നു പോയി. പക്ഷേ അവന്റെ ചട്ടിയിലെ വിത്തു മുളച്ചില്ല. പിങ്ങിനു വലിയ വിഷമമായി. അവൻ കുറച്ചുകൂടി വലിയ ഒരു പൂച്ചട്ടിയിൽ പുതിയ മണ്ണു നിറച്ചു. വളക്കൂറുള്ള ആ കറുത്ത മണ്ണിലേക്ക് അവൻ തന്റെ വിത്തു മാറ്റി നട്ടു.

വളർത്താൻ കഴിയാതെ പോയ തന്നെ കുട്ടികൾ കളിയാക്കി ചിരിക്കുമെന്നു പിങ്ങിന് ഉറപ്പായിരുന്നു.

എന്തു ചെയ്യണമെന്നറിയാതെ വിഷണ്ണനായി നിൽക്കുന്ന പിങ്ങിനോടു നിറയെ പൂക്കളുള്ള ഒരു പൂച്ചെടിയുമായി കൊട്ടാരത്തിലേക്ക് ഓടിപ്പോകുന്ന ഒരു കൂട്ടുകാരൻ ചോദിച്ചു: ''പിങ്ങ്, ആ ഒഴിഞ്ഞ പൂച്ചട്ടിയും കൊണ്ടാണോ നീ ചക്രവർത്തിയുടെ അടുത്തേക്കു പോകുന്നത്? നിനക്ക് എന്നെപ്പോലെ നല്ല വലിയ പൂക്കൾ വളർത്താമായിരുന്നില്ലേ?''

''ഞാൻ നിന്റെ പൂക്കളെക്കാൾ എത്രയോ നല്ല പൂക്കൾ വളർത്തിയിട്ടുണ്ട്.'' പിങ്ങ് സങ്കടത്തോടെ പറഞ്ഞു: ''ഈ വിത്തു മുളയ്ക്കാത്തതു കൊണ്ടല്ലേ ഇങ്ങനെ സംഭവിച്ചത്.'' പിങ്ങിന്റെ സങ്കടം നിറഞ്ഞ വാക്കുകൾ കേട്ട് അവന്റെ അച്ഛൻ അവനെ സമാധാനിപ്പിക്കാൻ ശ്രമിച്ചു. ''നിനക്കു ചെയ്യാൻ കഴിയുന്നതെല്ലാം നീ നന്നായി ചെയ്തല്ലോ. നീ അധ്വാനിച്ചതിന്റെ ഫലം ചക്രവർത്തിക്കു കാണിച്ചു കൊടുക്കൂ.''

ഒടുവിൽ പിങ്ങും കൊട്ടാരത്തിലേക്കു യാത്രയായി. പിങ്ങ് അവിടെയെത്തിയപ്പോൾ ആയിരക്കണക്കിനു കുട്ടികൾ കൊണ്ടുവന്ന പൂക്കൾ ഓരോന്നായി

**ദിവസങ്ങളും മാസങ്ങളും വേഗം കടന്നുപോയി. പിങ്ങിന്റെ വിത്ത് അനങ്ങിയതേയില്ല. പിങ്ങിനു വിത്തു കിട്ടിയിട്ട് ഒരു വർഷം കഴിഞ്ഞു. വസന്തകാലവും വന്നു. കുട്ടികൾ അവരുടെ ഏറ്റവും നല്ല വസ്ത്രങ്ങളൊക്കെ ധരിച്ചു ചക്രവർത്തിയെ കാണാൻ ഒരുങ്ങി.**

ദിവസങ്ങളും മാസങ്ങളും വേഗം കടന്നുപോയി. പിങ്ങിന്റെ വിത്ത് അനങ്ങിയതേയില്ല. പിങ്ങിനു വിത്തു കിട്ടിയിട്ട് ഒരു വർഷം കഴിഞ്ഞു. വസന്തകാലവും വന്നു. കുട്ടികൾ അവരുടെ ഏറ്റവും നല്ല വസ്ത്രങ്ങളൊക്കെ ധരിച്ചു ചക്രവർത്തിയെ കാണാൻ ഒരുങ്ങി. ചക്രവർത്തി എന്നെത്തന്നെ തിരഞ്ഞെടുക്കണേയെന്ന അതിയായ ആഗ്രഹത്തോടെ ഭംഗിയുള്ള പൂക്കളുമായി അവർ കൊട്ടാരത്തിലേക്കു യാത്രയായി.

തന്റെ ഒഴിഞ്ഞ പൂച്ചട്ടി കാരണം പിങ്ങിനു വലിയ നാണക്കേടായി. ജീവിതത്തിലാദ്യമായി ഒരു പൂവുപോലും

പരിശോധിക്കുകയായിരുന്നു ചക്രവർത്തി. എത്ര ഭംഗിയുള്ള പല നിറങ്ങളിലും രൂപങ്ങളിലും ഉള്ള പൂവുകൾ! എന്നിട്ടും ചക്രവർത്തിയുടെ മുഖത്തു സന്തോഷമുണ്ടായിരുന്നില്ല. അദ്ദേഹം നിശബ്ദനായിരുന്നു. ഒടുവിൽ ചക്രവർത്തി പിങ്ങിന്റെ അടുത്തെത്തി.

ചക്രവർത്തി തന്നെ ശിക്ഷിക്കുമെന്നു ഭയന്നു പിങ്ങ് തലകുനിച്ചു നിന്നു.

"നീ എന്തിനാണു ഒഴിഞ്ഞ ഒരു പൂച്ചട്ടി കൊണ്ടു വന്നിരിക്കുന്നത്?" ചക്രവർത്തി ചോദിച്ചു. പിങ്ങ് കരഞ്ഞുകൊണ്ടു പറഞ്ഞു: "അങ്ങ് തന്ന വിത്തു ഞാൻ നട്ടു. എന്നും ഞാനതിനു വെള്ളമൊഴിച്ചു. പക്ഷേ അതു മുളച്ചില്ല. ഞാനതു കൂടുതൽ നല്ല മണ്ണുള്ള വലിയ ചട്ടിയിലേക്കുമാറ്റി. എന്നിട്ടും അതു മുളച്ചതേയില്ല. ഒരു കൊല്ലം മുഴുവൻ ഞാൻ ആ വിത്തിനെ പരിരക്ഷിച്ചു. പക്ഷേ അതു മുളച്ചു വളർന്നില്ല. അതുകൊണ്ടാണു പൂക്കളില്ലാത്ത ഒഴിഞ്ഞ ചട്ടിയുമായി ഞാനിന്നു വന്നത്. ആ വിത്തു മുളപ്പിച്ചു വളർത്താൻ എന്നെക്കൊണ്ടു കഴിയുന്നതെല്ലാം ഞാൻ ചെയ്തു."

പിങ്ങിന്റെ വാക്കുകൾ കേട്ടപ്പോൾ ചക്രവർത്തിയുടെ മുഖത്തു പതിയെ ഒരു ചിരി പടർന്നു. പിങ്ങിനെ അദ്ദേഹം ചേർത്തുപിടിച്ചു. എന്നിട്ട് എല്ലാവരോടുമായി പറഞ്ഞു. "ഞാൻ അവനെ കണ്ടെത്തിയിരിക്കുന്നു! ചക്രവർത്തിയാകാൻ കെല്പുള്ള ഒരാളെ ഒടുവിൽ ഞാൻ കണ്ടെത്തിയിരിക്കുന്നു."

"നിങ്ങൾക്കെല്ലാം എവിടെ നിന്നാണു വിത്തുകൾ കിട്ടിയതെന്ന് എനിക്കറിയില്ല! കാരണം ഞാൻ നിങ്ങൾക്കുതന്ന വിത്തുകളെല്ലാം ചൂടുവെള്ളത്തിൽ കിടന്ന് വെന്ത വിത്തുകളായിരുന്നു. അതുകൊണ്ട് അവയൊന്നും മുളയ്ക്കില്ലായിരുന്നു."

"ഒഴിഞ്ഞ പൂച്ചട്ടിയുമായി എന്റെ മുന്നിൽ വരാൻ പിങ്ങ് കാട്ടിയ ധൈര്യത്തെ ഞാൻ ആദരിക്കുന്നു. അതിനാൽ ഈ രാജ്യം ഞാനവനു സമ്മാനിക്കുകയാണ്. പിങ്ങിനെ ഈ രാജ്യത്തിന്റെ ചക്രവർത്തിയായി ഞാൻ വാഴിക്കുന്നു."



# മല്ലയുദ്ധം

**കാപ്പിൽ ഗോപിനാഥൻ**

മല്ലനും വില്ലനും ക്ലാസിലൊരു-
മല്ലയുദ്ധത്തിനൊരുക്കമായി
മല്ലന്റെ പിന്നിലോ ഭൂരിപക്ഷം
വില്ലനോ ദുർബലൻ ന്യൂനപക്ഷം
മല്ലന്റിടിയേറ്റു വീണു വില്ലൻ
വില്ലൻ തൊഴിക്കുന്നു മല്ലൻ താഴെ
ആരു ജയിക്കും കൺഫ്യൂഷനായി
ആരവം പൊങ്ങുന്നു ക്ലാസ് മുറിയിൽ
ടീച്ചർ വരുന്നതു കാണുന്നവർ
മല്ലനും വില്ലനും കൂട്ടുകാരായ്.



വര: ഗോപു പട്ടിത്തറ

# പകർച്ചവ്യാധികളെ തുടച്ചുനീക്കാൻ വാക്സിനുകൾ

ഡോ. ബി പത്മകുമാർ

ഒരു വ്യക്തിയിൽ നിന്ന് മറ്റൊരാളിലേക്കു പകരുന്ന രോഗങ്ങളെയാണ് പകർച്ചവ്യാധികളെന്നു പറയുന്നത്. രോഗം ബാധിച്ചവരിൽ നിന്നും പല തരത്തിൽ രോഗം പകരാം. രോഗി ചുമയ്ക്കുമ്പോഴും തുപ്പുമ്പോഴും മറ്റും വായുവിലൂടെ പകരുന്ന രോഗങ്ങളാണ് ക്ഷയം, അഞ്ചാംപനി, ചിക്കൻപോക്സ്, ഇൻഫ്ളുവൻസാ പനി തുടങ്ങിയവ. മഞ്ഞപ്പിത്തം, ടൈഫോയിഡ്, ഛർദ്ദി, അതിസാരരോഗങ്ങൾ തുടങ്ങിയവ പകരുന്നത് മലിനമായ ജലത്തിലൂടെയാണ്. ഇനി കൊതുകുകൾ പരത്തുന്ന ചില വൈറസ് രോഗങ്ങളുണ്ട്. ചിക്കുൻഗുനിയ, ഡെങ്കിപ്പനി, ജപ്പാൻജ്വരം തുടങ്ങിയ പനികൾ രോഗിയെ കടിച്ച കൊതുകിലൂടെയാണ് പകരുന്നത്.

ഒരു പകർച്ചവ്യാധി ഒരു സ്ഥലത്ത് പടർന്നു പിടിക്കണമെങ്കിൽ മൂന്നു ഘടകങ്ങൾ സംയോജിക്കണം. ഒന്ന്, രോഗമുണ്ടാക്കുന്ന രോഗാണുക്കൾ. മറ്റൊന്ന് രോഗാണുക്കളെ ഏറ്റുവാങ്ങുവാൻ തയ്യാറായി നിൽക്കുന്ന സമൂഹം. മൂന്നാമത്തേത് രോഗാണുക്കൾക്കു വ്യാപിക്കാൻ അനുകൂലമായ പരിതസ്ഥിതി. വൃത്തിഹീനമായ ചുറ്റുപാടുകളും മലിനമായ ജലാശയങ്ങളും പകർച്ചവ്യാധികൾ പടർന്നു പിടിക്കാൻ അനുകൂലമായ സാഹചര്യമൊരുക്കുന്നു. പകർച്ചവ്യാധികളെ തുടച്ചുനീക്കാൻ കഴിയണമെങ്കിൽ വ്യക്തിശുചിത്വത്തോടൊപ്പം പരിസര ശുചിത്വത്തിനും പ്രാധാന്യം നൽകണം. അതോടൊപ്പം വാക്സിനേഷനിലൂടെ പ്രതിരോധിക്കാവുന്ന രോഗങ്ങളെ കൃത്യമായി വാക്സിനുകൾ എടുത്തു തടയാനും ശ്രദ്ധിക്കണം.



ചിക്കുൻഗുനിയ, ഡെങ്കിപ്പനി, ജപ്പാൻജ്വരം തുടങ്ങിയ വൈറസ്രോഗങ്ങൾ കൊതുകുകൾ വഴിയാണു പകരുന്നത്.

## വസൂരിയുടെമേൽ നേടിയ വിജയം

ഒരുകാലത്ത് നാടെങ്ങും മരണംവിതച്ച മാരകമായ പകർച്ചവ്യാധിയായിരുന്നു വസൂരി അഥവാ സ്മാൾപോക്സ്. ഇതൊരു വൈറസ് രോഗമായിരുന്നു. എന്നാൽ 1967 മുതൽ 1979 വരെ ഒരു വ്യാഴവട്ടക്കാലത്തോളം ലോകാരോഗ്യസംഘടനയുടെ നേതൃത്വത്തിൽ ലോകവ്യാപകമായി നടത്തിയ വാക്സിനേഷൻ പ്രോഗ്രാമിന്റെ ഫലമായി വസൂരിയെ ഭൂമുഖത്തു നിന്നും തുടച്ചുനീക്കാൻ നമുക്കു കഴിഞ്ഞു. 1980 മേയ് മാസം എട്ടാം തീയതി ലോകാരോഗ്യസംഘടന വസൂരിയെ നിർമാർജ്ജനം ചെയ്തതായി പ്രഖ്യാപിച്ചു.

അങ്ങനെ ഫലപ്രദമായ പ്രതിരോധനടപടികളിലൂടെ പൂർണമായും തുടച്ചുനീക്കപ്പെട്ട ആദ്യത്തെ പകർച്ചവ്യാധിയായി വസൂരി മാറി.



വസൂരി ബാധിച്ച കുട്ടി

## പൾസ് പോളിയോ ചരിത്രവിജയത്തിലേക്ക്

പ്രധാനമായും കുട്ടികളെ ബാധിക്കുന്ന ഒരു വൈറസ്രോഗമാണ് പോളിയോ. രോഗം ബാധിച്ച വ്യക്തിയിൽ നിന്ന് അടുത്തിടപഴകുമ്പോഴോ മലിനമായ ഭക്ഷണപദാർത്ഥത്തിലൂടെയോ രോഗം പകരാം. വൈറസ് തലച്ചോറിനെ ബാധിക്കുന്നതിനെത്തുടർന്ന് കൈകാൽ തളർച്ച ഉണ്ടായെന്നുവരാം. തളർന്നുശോഷിച്ച കാലുകളുമായി ഊന്നുവടിയുടെ സഹായത്തോടെ നടന്നുപോകുന്നവരെ കൂട്ടുകാർ കണ്ടിരിക്കും. ഇവരിലേറെ പേർക്കും ഈ ദുരവസ്ഥ ഉണ്ടായത് പോളിയോ മൂലമായിരിക്കും.


എന്നാൽ ആഗോളവ്യാപകമായി നടപ്പിലാക്കപ്പെട്ട 'പൾസ് പോളിയോ' എന്ന ചരിത്രവിജയം നേടിയ വാക്സിനേഷൻ പ്രോഗ്രാമിലൂടെ പോളിയോയും നിർമാർജ്ജനത്തിന്റെ വക്കിലെത്തി നിൽക്കുന്നു. 1995 ലാണ് അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികൾക്കായി പൾസ് പോളിയോ പ്രോഗ്രാം ആരംഭിച്ചത്. ഇന്ത്യയിൽ ജനുവരി 2011 ൽ പശ്ചിമ ബംഗാളിലെ ഹൗറ ജില്ലയിലാണ് അവസാനമായി ഒരു പോളിയോ കേസ് റിപ്പോർട്ട് ചെയ്തത്. രണ്ടുവയസ്സുള്ള ഒരു പെൺകുട്ടിക്ക്. അതിനുശേഷം തുടർച്ചയായി മൂന്നു വർഷക്കാലത്തോളം ഇന്ത്യയിൽ ഒരു പോളിയോ കേസും റിപ്പോർട്ടു ചെയ്തിട്ടില്ല എന്നത് ശുഭപ്രതീക്ഷ നൽകുന്ന വസ്തുതയാണ്. നൈജീരിയ, പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിലാണ് പോളിയോ ഇപ്പോൾ റിപ്പോർട്ടു ചെയ്യപ്പെടുന്നത്.

## വാക്സിനേഷൻ – വൈദ്യശാസ്ത്രരംഗത്തെ കുതിച്ചുചാട്ടം.

പകർച്ചവ്യാധികളെ പ്രതിരോധിക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗമാണ് വാക്സിനേഷൻ. നിർജീവമാക്കപ്പെട്ട അല്ലെങ്കിൽ പൂർണമായും നശിച്ച രോഗാണുക്കളെയാണ് വാക്സിനേഷനിലൂടെ ശരീരത്തിലേക്കു കടത്തിവിടുന്നത്. ഇവയ്ക്കെതിരായി ശരീരം പുറപ്പെടുവിക്കുന്ന പ്രതിവസ്തുക്കൾ (ആന്റിബോഡികൾ) ആണ് ഭാവിയിൽ രോഗത്തിൽ നിന്നും സംരക്ഷണമേകുന്നത്.

ദേശീയ വാക്സിനേഷൻ പ്രോഗ്രാമനുസരിച്ച് ജനിച്ച ഉടൻ തന്നെ കുട്ടിക്ക് ബി സി ജിയും പോളിയോ വാക്സിനും നൽകുന്നു. ബി സി ജി ക്ഷയരോഗത്തിനെതിരായ വാക്സിനാണ്. തുടർന്നു കൃത്യമായ ഇടവേളകളിൽ ബി സി ജി, അഞ്ചാംപനിക്കെതിരായ വാക്സിൻ, ടെറ്റനസ് ടോക്സോയിഡ് (ടി ടി) എന്നിവ നൽകുന്നു. ഡി പി റ്റി അഥവാ ട്രിപ്പിൾ എന്നറിയപ്പെടുന്ന വാക്സിൻ മൂന്നു രോഗങ്ങളെയാണ് പ്രതിരോധിക്കുന്നത്. ഡിഫ്ത്തീരിയ, പെർട്ടുസീസ്






**ആഗോളവ്യാപകമായി നടപ്പിലാക്കപ്പെട്ട 'പൾസ് പോളിയോ' എന്ന ചരിത്രവിജയം നേടിയ വാക്സിനേഷൻ പ്രോഗ്രാമിലൂടെ പോളിയോയും നിർമാർജ്ജനത്തിന്റെ വക്കിലെത്തിനിൽക്കുന്നു. 1995 ലാണ് അഞ്ചു വയസ്സിനുതാഴെയുള്ള കുട്ടികൾക്കായി പൾസ് പോളിയോ പ്രോഗ്രാം ആരംഭിച്ചത്.**



(വില്ലൻചുമ), ടെറ്റനസ് എന്നിവയാണവ.

കുട്ടികൾക്കുമാത്രമല്ല, മുതിർന്നവർക്കും വാക്സിൻ നൽകാറുണ്ട്. രക്തവുമായി എപ്പോഴും ബന്ധപ്പെടേണ്ടിവരുന്ന ഡോക്ടർമാർ, നഴ്സുമാർ തുടങ്ങിയവർക്ക് ഹെപ്പറ്റൈറ്റിസ് ബി ക്ക് എതിരായ വാക്സിൻ നൽകാറുണ്ട്. കൂടാതെ ഇൻഫ്ളുവൻസ, ചിക്കൻപോക്സ്, മഞ്ഞപ്പിത്തം തുടങ്ങിയവയ്ക്കെതിരായ വാക്സിനുകളും ആവശ്യാനുസരണം നൽകാറുണ്ട്.



നിർഭാഗ്യകരമെന്നു പറയട്ടെ, മാരകമായ പല പകർച്ചവ്യാധികൾക്കെതിരായി വാക്സിനുകൾ കണ്ടെത്താൻ ഇനിയും നമുക്കായിട്ടില്ല. മലേറിയ, എയ്ഡ്സ്, ഏറ്റവും പുതിയ പകർച്ചവ്യാധിയായ എബോളഫീവർ തുടങ്ങിയവ ഈ ഗണത്തിൽപ്പെടുന്നു. സമീപഭാവിയിൽ തന്നെ ഇവയ്ക്കെതിരെ ഫലപ്രദമായ വാക്സിനുകൾ കണ്ടെത്തുമെന്നു പ്രത്യാശിക്കാം.

ലഭ്യമായ വാക്സിനുകൾ കൃത്യസമയത്ത് എടുക്കുവാനും മറ്റുള്ളവരെ എടുക്കാൻ പ്രേരിപ്പിക്കാനും നമുക്കു കഴിയണം.

# കല്ലുകൊണ്ടൊരു പായസം

സുബൈദ

ഒരു ഗ്രാമത്തിൽ ഒറ്റയ്ക്കു താമസിച്ചിരുന്ന ഒരു മുത്തശ്ശിയുണ്ടായിരുന്നു. കാട്ടിൽ നിന്നും ശേഖരിക്കുന്ന വിറക് ശേഖരിച്ച് വിറ്റായിരുന്നു അവർ ജീവിച്ചിരുന്നത്.

ഒരു നാൾ ഒരു പെൺകുട്ടി അവരുടെ കുടിലിലെത്തി മുത്തശ്ശിയോടു പറഞ്ഞു.

''മുത്തശ്ശി എനിക്ക് വല്ലാതെ വിശക്കുന്നു. എന്തെങ്കിലും ഭക്ഷണം തരാമോ?''

മുത്തശ്ശി പെൺകുട്ടിയെ സൂക്ഷ്മമായി നോക്കി.

നല്ല ആരോഗ്യമുള്ള പെണ്ണ്, എന്നിട്ടും പെൺകുട്ടി തെണ്ടിനടക്കുന്നു.

മുത്തശ്ശി പെൺകുട്ടിയെ ശാസിച്ചു. വേഗം സ്ഥലം വിടണമെന്നാവശ്യപ്പെട്ടു.

പെൺകുട്ടി പറഞ്ഞു.

''മുത്തശ്ശിക്ക് വേണമെങ്കിൽ ഞാൻ കല്ലുകൊണ്ട് പായസം ഉണ്ടാക്കി തരാലോ. അതിനുള്ള മന്ത്രമെല്ലാം എനിക്കറിയാം.''

പായസമെന്നു കേട്ടപ്പോൾ മുത്തശ്ശിക്കു കൊതിയൂറി.

''അതെങ്ങനെയാ കല്ലുകൊണ്ട് പായസമുണ്ടാക്കുക?''

പെൺകുട്ടി പറഞ്ഞു.

''ഞാൻ കല്ലുകൊണ്ടാണ് മുത്തശ്ശീ, പായസം ഉണ്ടാക്കാറുള്ളത്. മുത്തശ്ശിക്ക് ഞാൻ ഉണ്ടാക്കി തരാലോ.''

മുത്തശ്ശി പെൺകുട്ടിക്ക് അടുപ്പ് കാണിച്ചുകൊടുത്തു. പാത്രവും വെള്ളവും നൽകി.

പെൺകുട്ടി ഒരു കരിങ്കല്ലിന്റെ കഷ്ണം പെറുക്കിയെടുത്ത് നന്നായി കഴുകി അടുപ്പിലെ വെള്ളത്തിലിട്ടു.

മുത്തശ്ശി ഇതെല്ലാം കൗതുകത്തോടെ നോക്കിയിരുന്നു.

പെൺകുട്ടി പറഞ്ഞു.

''കുറച്ചു പഞ്ചസാര വേണം മുത്തശ്ശി. പായസം മധുരിക്കട്ടെ.''

മുത്തശ്ശി പഞ്ചസാര കൊടുത്തു.

പിന്നെയും പെൺകുട്ടി അരി, പാൽ, ഏലയ്ക്ക, കശുവണ്ടി, നെയ്യ് തുടങ്ങി ഓരോ സാധനങ്ങൾ ചോദിക്കുകയും മുത്തശ്ശി സന്തോഷത്തോടെ കൊടുത്തുകൊണ്ടിരിക്കുകയും ചെയ്തു.

പായസം പൂർത്തിയായതോടെ പെൺകുട്ടി പാത്രത്തിൽ നിന്നും കല്ലെടുത്തു ദൂരെ കളഞ്ഞിട്ടു പറഞ്ഞു.

''മുത്തശ്ശി പായസം റെഡിയായി.''

അവൾ മുത്തശ്ശിക്കു പായസം വിളമ്പിക്കൊടുത്തുകൊണ്ട് ചോദിച്ചു.


''മുത്തശ്ശിക്ക് ഇഷ്ടായോ, ഞാൻ കല്ലുകൊണ്ടുണ്ടാക്കിയ പായസം?''

മുത്തശ്ശി സ്വയം പറഞ്ഞു.

''നല്ല മധുരമുള്ള പായസം. ഇവളുടെ ബുദ്ധി അപാരം തന്നെ!''



വര: സജി വി




38

# സുഹൃത്തിന്റെ വീട്ടിലേക്കുള്ള വഴികൾ

**വിനു എ**

**ഇറാനിയൻ സിനിമകളുടെ പ്രത്യേകത അതിന്റെ ലളിതമായ അവതരണവും ജീവിതത്തോടു ചേർന്നുള്ള അവയുടെ ആഖ്യാനരീതിയുമാണ്. അത്തരത്തിലൊരു സിനിമയാണ് അബ്ബാസ് കിയറോസ്ടമി സംവിധാനം ചെയ്ത 'വെർ ഇസ് ദ ഫ്രൻഡ്സ് ഹോം.' സ്നേഹത്തിന്റെയും പരസ്പരാശ്രയത്വത്തിന്റെയും കഥയാണ് സംവിധായകൻ ഈ സിനിമയിലൂടെ പറയുന്നത്.**

നിങ്ങളുടെ പുസ്തകങ്ങൾക്കിടയിൽ മറ്റൊരു കുട്ടിയുടെ പുസ്തകം പെട്ടുപോയാൽ നിങ്ങൾ എന്തു ചെയ്യും? ലളിതമെന്നു തോന്നുന്ന ഈ ചോദ്യത്തിനകത്തെ വലിയ സംഘർഷങ്ങളെക്കുറിച്ച് ആലോചിച്ചുനോക്കൂ. നിങ്ങളുടെ കൂട്ടുകാരൻ പുസ്തകം തിരയുമ്പോൾ കാണാതെ വരുമ്പോഴുള്ള അവസ്ഥ ചിന്തിച്ചുനോക്കൂ. അതു നിങ്ങളെ ആധി പിടിപ്പിക്കുന്നുവെങ്കിൽ നിങ്ങൾ ചെയ്യുന്നത് അത്രതന്നെ സാഹസികമായ കാര്യമായിരിക്കുമെന്നത് തീർച്ചയാണ്. അത്തരമൊരു സാഹസികതയ്ക്കാണ് അഹമ്മദ് അഹമ്മദ്പുർ എന്ന ഇറാനിയൻ ബാലൻ ഇറങ്ങുന്നത്.

ഇറാനിയൻ സിനിമയായ വെർ ഇസ് ദ ഫ്രൻഡ്സ് ഹോം (Where is the Friend's Home?) എന്ന സിനിമയുടെ കഥ അതാണ്. ഇറാനിയൻ സിനിമകളുടെ പ്രത്യേകത അതിന്റെ ലളിതമായ അവതരണവും ജീവിതത്തോടു ചേർന്നുള്ള അവയുടെ ആഖ്യാനരീതിയുമാണ്. അത്തരത്തിലൊരു സിനിമയാണിത്. ഒരു ബാലൻ അനുഭവിക്കുന്ന സംഘർഷങ്ങളെ അതിന്റെ തീവ്രമായ വികാരത്തോടെ നമുക്കു കാണുവാൻ സാധിക്കും.

ഒരു ദിവസം സ്കൂളിൽ നിന്നും മടങ്ങിയെത്തി, ഹോംവർക്ക് ചെയ്യുവാൻ തുടങ്ങിയ അഹമ്മദ് തന്റെ ബാഗിൽ കൂട്ടുകാരനായ മുഹമ്മദ് റെസയുടെ പുസ്തകം കണ്ടെത്തുന്നു. അത് അറിയാതെ അയാളുടെ ബാഗിൽ അകപ്പെട്ടതായിരുന്നു. അഹമ്മദിനെ അത് വല്ലാതെ നടുക്കുന്നു. തന്റെ ഹോംവർക്ക് ചെയ്യുവാൻ സാധിക്കാതെ ആലോചനയിൽപ്പെട്ട അയാൾ അവസാനം ഒരു വഴി കണ്ടെത്തുന്നു. ആ പുസ്തകം തിരികെ കൂട്ടുകാരനെത്തിക്കുവാൻ അയാൾ മനസ്സിൽ തീരുമാനമെടുക്കുന്നു.

എന്നാൽ അഹമ്മദിന്റെ ആവശ്യത്തെ അംഗീകരിക്കുവാൻ അമ്മ തയ്യാറാവുന്നില്ല. അവൻ കളിക്കാൻ പോകാനായി കള്ളം പറയുകയാണെന്ന ധാരണയിൽ പുസ്തകം അടുത്ത ദിവസം കൊടുത്താൽ മതിയെന്ന ന്യായീകരണം അവർ ഉയർത്തുന്നു. മാത്രമല്ല, കൂട്ടുകാരന്റെ വീട് അടുത്ത ഗ്രാമത്തിലാണ്. അത്രയും ദൂരം പോയി കൊടുക്കേണ്ട കാര്യമില്ല. അടുത്ത ദിവസം സ്കൂളിൽ വച്ച് അതു കൊടുക്കാവുന്നതേയുള്ളൂ. എന്നാൽ

അഹമ്മദിനറിയാം,അത് ശരിയായ തീരുമാനമാവില്ലായെന്ന്. അതിന് വളരെ പ്രധാനപ്പെട്ട ഒരു കാരണവും അയാൾക്കുണ്ട്.

## ഇറാന്റെ ഗ്രാമങ്ങൾ


കൂട്ടുകാരന് അന്നുതന്നെ പുസ്തകമെത്തിക്കണമെന്നതിന് റെസക്ക് മതിയായ കാരണമുണ്ട്. അന്നും പുസ്തകത്തിൽ ഹോംവർക്ക് ചെയ്യാതെ കടലാസിൽ ചെയ്തു കൊണ്ടുവന്നതിന് അവന് അധ്യാപകന്റെ ശകാരം കിട്ടിയതാണ്. മൂന്നാമത്തെ തവണയാണ് റെസ ഇത്തരത്തിൽ ചെയ്യുന്നത്. ഇനി ഒരുതവണ കൂടി ഇത് ആവർത്തിച്ചാൽ അതിനുള്ള ശിക്ഷ കഠിനമായിരിക്കും. ഒരുപക്ഷേ, ക്ലാസ്സിൽ നിന്നും അവനെ പുറത്താക്കിയേക്കാം. അത് ആലോചിച്ചപ്പോൾ അഹമ്മദ് അവനെ തേടി പോകാൻ ഇറങ്ങുന്നു.

അമ്മ ആവശ്യപ്പെട്ടതനുസരിച്ച് ബേക്കറിയിൽ റൊട്ടി വാങ്ങാൻ പോകുന്ന അഹമ്മദ് ഒളിച്ചാണ് അടുത്ത ഗ്രാമത്തിലേക്കു യാത്രയാവുന്നത്. എന്നാൽ അയാൾക്ക് തന്റെ സ്നേഹിതനെ കണ്ടെത്തുവാൻ കഴിയുന്നില്ല. നിഷ്കളങ്കമായ അവന്റെ അന്വേഷണങ്ങൾക്കപ്പുറം കടക്കുന്ന ചിന്തകളാണ് അവനെ നേരിടുന്നത്. അവസാനം റെസയുടെ ഒരു ബന്ധുവും തന്റെ സഹപാഠിയുമായ ഒരാളുടെ വീട് കണ്ടെത്തുന്നു. എന്നാൽ അയാൾ സ്വല്പം മുമ്പ് തന്റെ ഗ്രാമത്തിലേക്കു പോയതായി അഹമ്മദ് അറിയുന്നു. ഉടൻ അഹമ്മദ് അവർക്ക് പിന്നാലെ ഓടാനാരംഭിച്ചു. എന്നാൽ അവരെ കണ്ടെത്തുവാൻ അഹമ്മദിനായില്ല.

കൊക്കറിൽ നിന്നും പൊസ്തെയിലേക്ക് ആദ്യം പോകുകയും പിന്നീട് തിരികെ കൊക്കറിൽ തന്നെ എത്തുകയും ചെയ്യുന്നതിനിടയിൽ അഹമ്മദിന്റെ പ്രതീക്ഷകൾ നശിക്കുന്നു. എന്നാൽ കർക്കശനായ അധ്യാപകന്റെ മുഖം ഓർമയിലെത്തുമ്പോൾ അഹമ്മദിന്റെ മനസ്സ് കൂടുതൽ വേദനിക്കുന്നു. കൊക്കറിലെത്തുന്ന അഹമ്മദിനെ മുത്തച്ഛൻ കാണുകയും പൊസ്തെയിലേക്കു പോയതിന്റെ കാരണം ചോദിക്കുകയും ചെയ്യുന്നു. അഹമ്മദിന്റെ മറുപടി മുത്തച്ഛന് ഉൾക്കൊള്ളാൻ കഴിയുന്നതായിരുന്നില്ല. രണ്ടു ഗ്രാമങ്ങൾക്കിടയിൽ വലിയ ദൂരമുണ്ടെന്നത് ആ കാരണത്തെ ബലപ്പെടുത്തുന്നു.

ഒരു ശിക്ഷയെന്ന നിലയിൽ സിഗറ്റ് വാങ്ങിക്കൊണ്ടുവരുവാൻ മുത്തച്ഛൻ അഹമ്മദിനോടു ആവശ്യപ്പെടുന്നു. അതിനു സാധിക്കില്ലായെന്ന അഹമ്മദിന്റെ വാദങ്ങളെ മുത്തച്ഛൻ അംഗീകരിക്കുന്നില്ല. സിഗററ്റ് തന്റെ കൈയിലുണ്ടെന്നു പറയുന്ന കൂട്ടുകാരനോടു മുത്തച്ഛൻ പറയുന്നത്, തന്റെ കൈയിലും സിഗററ്റ് ഉണ്ടെന്നും താൻ അഹമ്മദിനോട് അത്തരത്തിൽ ആവശ്യപ്പെട്ടത് ഒരു ശിക്ഷയെന്ന നിലയിലാണെന്നുമാണ്. കുട്ടികളെ, പ്രത്യേകിച്ച് അച്ചടക്കമുള്ളവരാക്കി തീർക്കുന്നതിന് ചെറുപ്പത്തിൽ തന്നെ ശ്രദ്ധിക്കണമെന്നും അതിന് ഇത്തരം ശിക്ഷകൾ ആവശ്യമാണെന്നും അയാൾ പറയുന്നു.

അവിടെ വച്ച് ഒരു കച്ചവടക്കാരൻ അഹമ്മദിന്റെ കൈയിൽ നിന്നും ബലമായി പുസ്തകം പിടിച്ചുവാങ്ങുകയും അതിൽ നിന്നും ഒരു പേജ് കീറിയെടുക്കുകയും ചെയ്യുന്നു. ആ പുസ്തകം റെസയുടെതാണെന്ന അഹമ്മദിന്റെ വാദങ്ങളെ അയാൾ കേൾക്കുന്നില്ല. കച്ചവടക്കാരന്റെ പേര് നെമത്സദെയെന്നാണ്. കച്ചവടക്കാരന്റെ മകനായിരിക്കും റെസയെന്ന് തോന്നിയ അഹമ്മദ് അതിനെ കുറിച്ച് അന്വേഷിക്കുന്നുവെങ്കിലും അതിനു മറുപടി പറയാതെ കച്ചവടക്കാരൻ കുതിരപ്പുറത്ത് കയറി പൊസ്തയിലേക്കു പോകുന്നു.





## വീണ്ടും പൊസ്തെയിലേക്ക്

കുതിരയെ പിന്തുടർന്ന അഹമ്മദ് കച്ചവടക്കാരന്റെ മകനെ കണ്ടെത്തുന്നു. എന്നാൽ അത് റെസ ആയിരുന്നില്ല. പക്ഷേ, ഒരു വൃദ്ധനായ ആശാരി അഹമ്മദിനെ സഹായിക്കാമെന്ന്

ഏൽക്കുന്നു. കൂട്ടുകാരന്റെ വീട് കാണിച്ചുതരാമെന്ന വാഗ്ദാനത്തോടെ അയാൾ അഹമ്മദിനെ കൂടെ കൊണ്ടുപോകുന്നു. താൻ നിർമിച്ച വാതിലുകളുടെയും മനോഹരമായ ജനാലകളുടെയും കഥകൾ പറഞ്ഞുകൊണ്ടു നടക്കുന്ന അയാൾ ഇരുമ്പിന്റെ വാതിലുകളും ജനാലകളും വന്നതോടെ സംസ്കാരത്തിലും പൈതൃകത്തിലും ഉണ്ടായ മാറ്റങ്ങളും വിവരിക്കുന്നു. എന്നാൽ ആ അന്വേഷണത്തിലും റെസയെ കണ്ടെത്തുവാൻ സാധിക്കുന്നില്ല.

അഹമ്മദ് നിരാശയോടെ തന്റെ വീട്ടിലെത്തുന്നു. ആ രാത്രി ശക്തമായ കാറ്റടിച്ചു. അഹമ്മദിന്റെ മനസ്സിന്റെ സംഘർഷങ്ങളെപ്പോലെ ശക്തമായിരുന്നു അതിന്റെ സംഹാരം. അടുത്ത ദിവസം സ്കൂളിൽ സംഭവിക്കാൻ പോകുന്ന കാര്യത്തെ കുറിച്ചുള്ള ശക്തമായ ഭയം പ്രേക്ഷകരിലേക്ക് ഇത് എത്തിക്കുന്നു. സാധാരണക്കാരായ അച്ഛനമ്മമാർക്ക് അഹമ്മദിന്റെ പ്രയാസം തിരിച്ചറിയാനാവുന്നില്ല. അടുത്ത ദിവസം രാവിലെ റെസ സ്കൂളിലെത്തിയത് കടലാസിൽ ഹോംവർക്ക് ചെയ്തുകൊണ്ടാണ്. അധ്യാപകൻ ഓരോരുത്തരുടെ ഹോംവർക്ക് പരിശോധിച്ചുകൊണ്ടിരിക്കുമ്പോഴാണ് അഹമ്മദ് കടന്നുവരുന്നത്. റെസയെ ശകാരം കേൾപ്പിക്കാതിരിക്കാനുള്ള വഴിയുമായാണ് അഹമ്മദ് ക്ലാസ്സിലെത്തുന്നത്. ഒരുപോലെയുള്ള രണ്ടു പുസ്തകങ്ങൾ ഉണ്ടാക്കുന്ന വലിയ പ്രശ്നത്തെ അതിന്റെ തീവ്രതയോടെ ഈ ചിത്രം പറയുന്നു.

ഗ്രാമീണതയുടെ സൗന്ദര്യം തുളുമ്പുന്ന കാഴ്ചകളിലൂടെയുള്ള സഞ്ചാരമാണ് ഈ ചിത്രം നൽകുന്ന ഏറ്റവും വലിയ അനുഭവം. അതുപോലെ തന്നെ നിഷ്കളങ്കനായ ഒരു കുട്ടിയുടെ വികാരങ്ങളെ തിരശീലയിൽ പകർത്തിയ അഹമ്മദിനെ അവതരിപ്പിച്ച ബാബെക് അഹമ്മദ് അത്രയധികം മനോഹരമായി അഭിനയിച്ചിരിക്കുന്നുവെന്ന് പറയാം. അബ്ബാസ് കിയറോസ്ടമി സംവിധാനം ചെയ്തിരിക്കുന്ന ഈ ചിത്രം ഗ്രാമീണമായ സാഹചര്യങ്ങളിൽ സ്നേഹത്തിന്റെയും പരസ്പരാശ്രയത്വത്തിന്റെയും വലിയ കഥയാണ് പറഞ്ഞുവെക്കുന്നത്.

## അബ്ബാസ് കിയറോസ്ടമി

ഇറാനിലെ പ്രശസ്തനായ സംവിധായകനാണ് അബ്ബാസ്. 1970 മുതൽ ഈ രംഗത്ത് സജീവമാണ്. മനുഷ്യരുടെ ലളിതമായ പ്രശ്നങ്ങളെ അതിന്റെ വിഹ്വലതകളോടെ അവതരിപ്പിക്കുന്ന സിനിമകളാണ് അദ്ദേഹത്തിന്റെത്. സാങ്കേതികതയ്ക്കൊപ്പം സിനിമയുടെ ആശയത്തെ ചേർത്തുനിർത്തി പ്രത്യേകമായ രീതിയിൽ കഥ പറയാനുള്ള വൈദഗ്ധ്യമാണ് അദ്ദേഹത്തെ ശ്രദ്ധേയനാക്കുന്നത്. നല്ലൊരു കവിത വായിക്കുന്ന സുഖത്തോടെ കാണുവാൻ സാധിക്കുന്നതാണ് അദ്ദേഹത്തിന്റെ സിനിമകൾ. 'വേർ ഈസ് ദ ഫ്രൻഡ്സ് ഹോം?' അത്തരത്തിൽ ലളിതമായ അവതരണമാണ്.




അബ്ബാസ് കിയറോസ്ടമിയുടെ സിനിമാജീവിതത്തിൽ വലിയ മാറ്റമുണ്ടാക്കിയ സിനിമയാണിത്. ഈ സിനിമയുടെ നിർമാണത്തോടെയാണ് അദ്ദേഹത്തിന്റെ സിനിമകൾക്ക് ലോകസിനിമയിൽ ശ്രദ്ധ നേടാനായത്. ആൻഡ് ലൈഫ് ഗോസ് ഓൺ, ത്രൂ ദ ഒലിവ് ട്രീസ് എന്നീ സിനിമകൾ വേർ ഈസ് ദ ഫ്രൻഡ്സ് ഹോമിനെ പോലെ കൊക്കറിനെ അടിസ്ഥാനമാക്കിയുള്ളതാണ്. ക്ലോസ് അപ്, ലൈഫ് ആൻഡ് നതിംഗ് മോർ, ടേസ്റ്റ് ഓഫ് ചെറി, ദ വിൻഡ് വിൽ കാരി അസ് തുടങ്ങിയ സിനിമകളും അദ്ദേഹത്തിന്റേതാണ്.

'വേർ ഈസ് ദ ഫ്രൻഡ്സ് ഹോം?' തീർച്ചയായും കണ്ടിരിക്കേണ്ട സിനിമയാണ്. ഒരു ചെറിയ പ്രശ്നത്തിൽ നിന്നും ഇറാന്റെ സംസ്കാരത്തെയും ജീവിതത്തെയും സമർത്ഥമായി വരച്ചിടുന്നുണ്ട് ഈ സിനിമ.

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്



# കെട്ടിപ്പിടിക്കും കസേര

പ്രൊഫ. എസ് ശിവദാസ്

കസേര കെട്ടിപ്പിടിക്കും, ഉമ്മവയ്ക്കും, പൊന്നേ, കരളേ എന്നൊക്കെ മനോഹരമായി വിളിക്കും. വെള്ളം കുടിച്ചോ, മരുന്നു കഴിച്ചോ, ടോയ്‌ലറ്റിൽ പോയോ എന്നൊക്കെ ചോദിക്കും. കേട്ടിട്ടു കൊതി വരുന്നോ. എങ്കിൽ അത്തരമൊന്നു വാങ്ങി വീട്ടിൽ വച്ചോളൂ. എപ്പോഴെങ്കിലും ഒരു ആലിംഗനം വേണം, ഒരു സ്നേഹസംവാദം കേൾക്കണം എന്നൊക്കെ തോന്നുമ്പോൾ, ഒറ്റയ്ക്കിരുന്നു മുഷിയുമ്പോൾ ആ കെട്ടിപ്പിടിക്കും കസേരയിലിരിക്കാം! വില വെറും 46,000 യെൻ മാത്രം. ഏകദേശം 400 ഡോളറോളം വരും. ഏതാണ്ട് 26000രൂപ!

ശാസ്ത്രത്തിന്റെ വളർച്ച അത്യത്ഭുതകരം തന്നെ. അതോടൊപ്പം ടെക്നോളജിയും വളരുന്നു. പുതിയ ഉത്പന്നങ്ങൾ ഉണ്ടാക്കാൻമാത്രം വളർച്ച ടെക്നോളജി നേടുന്നു. അങ്ങനെ യാണ് റോബോട്ടുകളുടെ നിർമാണം തുടങ്ങിയത്. ആ രംഗത്ത് ജപ്പാനു വലിയ നേട്ടമുണ്ടാക്കാൻ കഴിഞ്ഞു. വീട്ടുവേലകൾ ചെയ്യുന്ന റോബോട്ടുകൾ മുതൽ അതി സങ്കീർണവും അതിസൂക്ഷ്മ വുമായ പ്രവൃത്തികൾ വരെ ചെയ്യുന്ന റോബോട്ടുകൾ ഇന്നുണ്ട്. റോബോട്ടിക്സ് എന്നൊരു ശാസ്ത്രശാഖ തന്നെ രൂപം പ്രാപിച്ചിരിക്കുന്നു.

ഭാവനാശാലികളായ ഉത്പാദകർ



റോബോട്ടുകളെക്കൊണ്ട് പുതിയപുതിയ പണികൾ ചെയ്യിക്കാമെന്നു കണ്ടെത്തി. അങ്ങനെയാണ് ജപ്പാനിലെ യൂണികെയർ എന്ന സ്ഥാപനം 'കെട്ടിപ്പിടിക്കുന്ന കസേര'യെന്ന ആശയം വികസിപ്പിച്ചത്; യാഥാർത്ഥ്യമാക്കിയത്. കസേരയ്ക്ക് അവരിട്ടിരിക്കുന്ന പേര് ട്രാൻക്വിലിറ്റി ചെയർ എന്നാണ്. ട്രാൻക്വിലിറ്റി എന്നാൽ നിർവൃതി, പ്രശാന്തത.

നിർവൃതിക്കസേരയിൽ ആർക്കുമിരിക്കാം. കസേര ആരേയും കെട്ടിപ്പിടിക്കും. കുഞ്ഞുങ്ങളെ മുതൽ അമ്മൂമ്മയപ്പൂപ്പന്മാരെവരെ.

കുഞ്ഞുങ്ങളെ കെട്ടിപ്പിടിക്കാൻ അവരുടെ അമ്മയോ അച്ഛനോ ഒക്കെ കാണും. അതിനാൽ കുഞ്ഞുങ്ങളെ കെട്ടിപ്പിടിക്കുന്ന കസേരകൾക്ക് അത്ര ചെലവുണ്ടാകില്ല. എന്നാൽ വൃദ്ധരെ കെട്ടിപ്പിടിക്കാൻ, അവരോടു പ്രേമപൂർവം കൊഞ്ചി വർത്തമാനം പറയാൻ, അവരോട് അപ്പിയിട്ടോ, മൂത്രമൊഴിച്ചോ, പല്ലുതേയ്ച്ചോ, മരുന്നു കഴിച്ചോ, ഉറങ്ങേണ്ടേ, ഉണരാറായില്ലേ, ഇന്നു പിറന്നാളല്ലേ എന്നൊക്കെ ചോദിക്കാനും ആരും കണ്ടെന്നു

വരില്ല. ലോകമെങ്ങും വൃദ്ധരായവർ കൂട്ടില്ലാതെ കഷ്ടപ്പെടുന്നു. മക്കളും കൊച്ചുമക്കളുമൊക്കെ അകലെയാകാം. അടുത്താണെങ്കിലും അവർക്ക് അപ്പൂപ്പനെയും അമ്മൂമ്മയെയും കാണാനും മിണ്ടാനും നേരവുമുണ്ടാകില്ല. അങ്ങനെ ഏകാന്തതയും മറവിയും വേദനയും ഒക്കെ അനുഭവിക്കുന്നവർക്ക് കെട്ടിപ്പിടിക്കുന്ന ഒരു കസേര അനുഗ്രഹമാകും. കാശുണ്ടാക്കാനറിയാവുന്ന കമ്പനിയിലെ അതിബുദ്ധിമാന്മാരായ ശാസ്ത്രജ്ഞർ അക്കാര്യം മനസ്സിലാക്കി. അങ്ങനെ

**ലോകമെങ്ങും വൃദ്ധരായവർക്കു കൂട്ടില്ലാതെ കഷ്ടപ്പെടുന്നു. മക്കളും കൊച്ചുമക്കളുമൊക്കെ അകലെയാകാം. അടുത്താണെങ്കിലും അവർക്ക് അപ്പൂപ്പനെയും അമ്മൂമ്മയെയും കാണാനും മിണ്ടാനും നേരവുമുണ്ടാകില്ല. അങ്ങനെ ഏകാന്തതയും മറവിയും വേദനയും ഒക്കെ അനുഭവിക്കുന്നവർക്ക് കെട്ടിപ്പിടിക്കുന്ന ഒരു കസേര അനുഗ്രഹമാകും!**

യാണ് യൂണികെയർ വൃദ്ധർക്കു പറ്റുന്ന കസേരയിറക്കുന്നത്. സ്വാഭാവികമായും അതിൽ റിക്കാർഡു ചെയ്തുവച്ചിരിക്കുന്ന പഞ്ചാര വർത്തമാനങ്ങളൊക്കെ വൃദ്ധർക്കുള്ളതുമായിരിക്കും.

വൃദ്ധർക്കു പറ്റുന്ന പഴയപാട്ടുകളാകും കസേര പാടുക. പഴയകാല നന്മകളെപ്പറ്റിയും വൃദ്ധരെ ഓർമിപ്പിക്കും. ഏകദേശം ഒരാൾ വലിപ്പമുള്ള ഒരു പാവയായിരിക്കും കസേര. പാവയുടെ മടിയിലാണ് ഇരിപ്പിടം. പാവയ്ക്കു മൃദുലമായ നല്ല നീളമുള്ള കൈകളായിരിക്കും. ചിരിക്കുന്ന മുഖം. വലിയ മൂക്കുകൾ, ഭംഗിയുള്ള തൊപ്പി. ആരും ഇഷ്ടപ്പെടും ആ റോബോട്ടുപാവയുടെ ഭാവവും ആശ്ലേഷണവും പുന്നാരം പറയലും സ്പർശനവും. കാര്യം നല്ലതുതന്നെ.

എന്നാൽ ഒരു കാര്യം കൂടി പറയാതെ വയ്യ. വൃദ്ധരായ ജനങ്ങളെ മറക്കുന്ന യുവാക്കളുടെ മനോഭാവം നന്നല്ല. ആർക്കും പ്രായമാകും. പ്രായമായി എന്നു കരുതി ആരും ചാകാൻ ഇഷ്ടപ്പെടുകയില്ല. പ്രായമായവർക്കും സ്നേഹവും പരിചരണവും ആവശ്യമുണ്ട്. അവരെ മക്കളും കൊച്ചുമക്കളും പരിപാലിക്കണം. അല്ലാതെ അവരെ വൃദ്ധഭവനങ്ങളിലേക്കു തള്ളിയിട്ട് അവരെ മറക്കുന്നത് ശരിയല്ല. ഇനിയിപ്പോൾ കെട്ടിപ്പിടിക്കാനൊരു കസേര കൂടി ഉണ്ടല്ലോ. ഞങ്ങൾ ഇനി പോയി ആശ്ലേഷിക്കേണ്ടല്ലോ എന്നാകരുത് മക്കളുടെയും കൊച്ചുമക്കളുടെയും മനോഭാവം. കസേരയുടെ കെട്ടിപ്പിടുത്തവും മക്കളുടെ കെട്ടിപ്പിടുത്തവും രണ്ടും രണ്ടാണ്. റോബോട്ടായ കസേരയ്ക്കു ജീവനില്ല. ജീവന്റെ ചൈതന്യമുള്ള, സ്നേഹത്തിന്റെ ചൂടുള്ള, വാത്സല്യത്തിന്റെ മധുരമുള്ള കെട്ടിപ്പിടുത്തം വൃദ്ധർക്കു നൽകാൻ മറക്കരുത് എന്നേ യുവതലമുറയോട് അഭ്യർത്ഥിക്കാനുള്ളൂ! അക്കാര്യം അവരെ ഓർമിപ്പിക്കാനും വേണ്ടേ ഒരു കസേര? അഥവാ കമ്പ്യൂട്ടർ? അല്ലെങ്കിൽ മൊബൈൽ ഫോൺ?

# എന്റെ മോനേ...

അനുഭവം

**റിഷിൻ എൻ, ക്ലാസ്സ്: 7, മന്നം മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ, കൊട്ടിയം പി ഒ, കൊല്ലം**

നല്ല കുളിരുള്ള ഒരു പ്രഭാതം. വീട്ടിൽ ഞാനും അമ്മയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഞങ്ങളുടെ വീടിന്റെ അടുത്ത് കൂടി ഒരു പുഴ ഒഴുകുന്നുണ്ട്. നല്ല ആഴമുള്ള ഒരു പുഴ. അമ്മ അടുക്കളയിൽ തിരക്കിട്ട് ജോലി ചെയ്യുകയായിരുന്നു. എന്നോടു വരാന്തയിൽ തന്നെ ഇരിക്കുവാൻ പറഞ്ഞിട്ടാണ് അമ്മ പോയത്. ഞങ്ങളുടെ വീട്ടിൽ ഒരു കൊച്ചു പൂന്തോട്ടമുണ്ട്. ബോറടിച്ചപ്പോൾ ഞാൻ പൂന്തോട്ടത്തിൽ പോയി നിന്നു. അപ്പോഴാണ് പല വർണങ്ങളുള്ള ഒരു ചിത്രശലഭത്തെ ഞാൻ കണ്ടത്. അതിനെ പിടിക്കാൻ ഞാൻ അതിന്റെ പിറകേ പോയി. പറന്നുപറന്ന് അതു വീടിനു പുറത്തെത്തി. പിന്നെ പുഴയുടെ അടുത്തേക്കു പറന്നു. എന്നിട്ട് അവിടെ ഒരു മരത്തിൽ ചെന്നിരുന്നു. അതിനെ പിടിക്കാൻ ഒന്നു ചാടിയപ്പോൾ ഞാൻ പുഴയിലേക്കു വീണു. പിന്നൊന്നും എനിക്ക് ഓർമയില്ല. ആശുപത്രിയിൽ അമ്മയുടെ നിലവിളി കേട്ടാണ് ഉണർന്നത്. എനിക്ക് ഒന്നും മനസ്സിലായില്ല. അച്ഛനും അപ്പൂപ്പനും സംസാരിക്കുന്നത് ഞാൻ കേട്ടു. ''വേലായുധനണ്ണനാണ് ഇവനെ പുഴയിൽ നിന്ന് എടുത്ത് ആശുപത്രിയിൽ എത്തിച്ചത്.'' ഞാൻ അമ്മയെ നോക്കി. അമ്മ അപ്പോഴും കരയുകയാണ്. എനിക്കതു കണ്ടപ്പോൾ സഹിച്ചില്ല. ''കരയരുതേ അമ്മേ'' എന്നു പറഞ്ഞ് ഞാൻ അമ്മയെ മുറുകെ പിടിച്ചു. ''എന്റെ മോനേ..'' എന്നുവിളിച്ചുകൊണ്ട് അമ്മ എന്നെ ചുംബിച്ചു. പിന്നീടൊരിക്കലും ഞാൻ മുതിർന്നവരുടെ വാക്ക് ധിക്കരിച്ചിട്ടില്ല.



വര: ബോബി എം പ്രഭ

# കാറ്റും കിളിയും പറഞ്ഞത്

മുഹമ്മ ശശിധരപ്പണിക്കർ



കാറ്റും കിളിയും പറഞ്ഞതാണേ,
കാതോടുകാതുപകർന്നതാണേ
നാട്ടുകൂട്ടങ്ങളും കേട്ടതാണേ
സൂര്യനും ചന്ദ്രനും സാക്ഷിയാണേ!

നാടറിയാത്തവർ കാടുകേറി
കാടിന്റെ മക്കളെ കാലുവാരി
വൻമരം വെട്ടിമുറിച്ചെടുത്തു
കോടാലിക്കൈകൾ പണിതുവച്ചു.
വേരുകളൊക്കെ പിഴുതെടുത്തു
വീടിന്നകത്തു 'ബോൺസായി' നട്ടു.
ചന്ദന, മീട്ടിയും തേക്കുമെല്ലാം
കള്ളക്കടത്തുനടത്തിവാണു.
കഞ്ചാവുതോട്ടം വിപുലമാക്കി
തഞ്ചത്തിലൊക്കെ രഹസ്യമാക്കി
കാട്ടാറുപൊട്ടിക്കരഞ്ഞൊഴുകി
കാട്ടാനചിന്നം വിളിച്ചു പാഞ്ഞു.

കണ്ണീർ തുടച്ച് കവിതമൂളി
കാറ്റും കിളിയുമകന്നുപോയി
കാടും കടലും മലനിരയും
വായുവും മണ്ണും നീലാകാശവും
പങ്കിട്ടെടുത്തുനാം സ്വന്തമാക്കി
വങ്കത്തമൊക്കെയും ചെയ്തുകൂട്ടി
നാടുമുടിഞ്ഞാൽ നമുക്കെന്ത്?
കാടുകരിഞ്ഞാൽ നമുക്കെന്ത്?
നാടാറുമാസം നമുക്കുലാഭം
കാടാറുമാസം പെരിയലാഭം!

വര: സചീന്ദ്രൻ കാറഡ്ക്ക

# മഹാഭാരതം

സുഗതകുമാരി

# ഘോഷയാത്ര

പാണ്ഡവന്മാർ വനത്തിൽ ഒരുവിധത്തിൽ കഴിഞ്ഞുവരവേ ഒരുനാൾ കർണനും ശകുനിയും ദുര്യോധനനും കൂടി ഒരു പരിപാടിയുണ്ടാക്കി. കാട്ടിൽ വൽക്കലമുടുത്ത് കഷ്ടപ്പെട്ടു വസിക്കുന്ന പാണ്ഡവന്മാരെയും ദ്രൗപദിയെയും ചെന്നു കാണണം. വെറുതേ പോയാൽപ്പോരാ, സർവാഡംബരങ്ങളോടും കൂടി രാജരാജപ്രഭാവനായി ദുര്യോധനൻ എഴുന്നള്ളി വരുന്നതു കണ്ട് അവർ ലജ്ജിതരാകണം. അവരുടെ പരിതാപകരമായ അവസ്ഥ തങ്ങൾക്കു മനം കുളിർക്കെ ആനന്ദിക്കണം- ഇതിന് പിതാവിൽനിന്ന് അനുമതി നേടാനായി അവർ ഒരു കൗശലം പ്രയോഗിച്ചു.

ദ്വൈതവനത്തിനരികിൽ കൗരവരുടെ വിശാലമായ ഗോശാലകളും ആയിരക്കണക്കിനു പശുക്കളുമുണ്ട്. അവ പരിശോധിക്കുന്നതിനും പുതുതായി ജനിച്ച കിടാങ്ങൾക്കെല്ലാം ഹസ്തിനപുരി മുദ്ര കുത്തുന്നതിനും ഗോപാലന്മാർ ചുമതലകൾ നിർവഹിക്കുന്നുണ്ടോ എന്നു നോക്കുന്നതിനും വേണ്ടിയുള്ള ഒരു യാത്ര ആവശ്യമാണ്. അതോടൊപ്പം രാജകീയവിനോദമായ നായാട്ടും നടത്താം. ഇക്കാര്യങ്ങളെല്ലാം രാജാവിന്റെ മുന്നിൽ വിദഗ്ധമായി അവതരിപ്പിച്ച് കർണൻ യാത്രാനുമതി നേടിയെടുത്തു. എന്നാൽ ശങ്കയോടെ ധൃതരാഷ്ട്രർ പറഞ്ഞു. 'ദുര്യോധനാ, നീയും കൂട്ടരും മദം ഏറെയുള്ളവരാണ്. ആ ദ്വൈതവനത്തിലെവിടെയോ ആണ് പാണ്ഡവന്മാർ താമസിക്കുന്നതെന്നു കേട്ടിട്ടുണ്ട്. അവിടെച്ചെന്നു നിങ്ങൾ കലഹമുണ്ടാക്കരുത്.'

'ഒരിക്കലുമില്ല. ആ വഴിക്കേ ഞങ്ങൾ പോവുകയില്ല.' എന്നു വാക്കു നൽകി ദുര്യോധനനും കൂട്ടരും സകലവിധ ആഡംബരങ്ങളോടും കൂടെ യാത്രതിരിച്ചു.

എന്തൊരു ഗംഭീരഘോഷയാത്രയായിരുന്നു അത്! പൊന്നണിഞ്ഞ ആനത്തലവന്മാർ നൂറുകണക്കിന്! മണികിലുങ്ങുന്ന സുവർണരഥങ്ങൾ! പൊൻകോപ്പണിഞ്ഞ കുതിരകൾ! സൈനികവേഷം ധരിച്ച ആയിരക്കണക്കിന് ആയുധധാരികളായ പടയാളികൾ! ദുര്യോധനന്റെ റാണിമാരും മറ്റ് അന്ത:പുരസ്ത്രീകളും സഞ്ചരിക്കുന്ന അലങ്കൃതമായ പല്ലക്കുകൾ, ആഭരണവിഭൂഷിതകളായ നൂറുനൂറു ദാസിമാർ, ഗായകർ, നർത്തകർ, നായാട്ടുകാർ... വാദ്യഘോഷങ്ങളോടെ മുന്നോട്ടുനീങ്ങിയ ആ വമ്പിച്ച ഘോഷയാത്ര ജനങ്ങൾ അമ്പരന്നു നോക്കിനിന്നു.

ഘോഷയാത്ര ദ്വൈതവനത്തിനരികിലെത്തി നിലയായി. കൂടാരങ്ങൾ കെട്ടിത്തുടങ്ങി, പാചകശാല ഒരുങ്ങി- റാണിമാരും സ്ത്രീകളുമെല്ലാം വാഹനങ്ങളിൽ നിന്നിറങ്ങി വിശ്രമിക്കുവാനായി തമ്പുകളിലേക്കു നീങ്ങി. ഓളംതല്ലുന്ന ദ്വൈതവനപ്പൊയ്കയ്ക്കരികിലായി ക്രീഡാഗൃഹങ്ങൾ തീർക്കുവാൻ കല്പനയുണ്ടായി. സൈനികർ അതിനായി അങ്ങോട്ടേക്കു തിരിച്ചു.

അപ്പോഴതാ ദിവ്യരൂപികളായ കുറെ ഗന്ധർവന്മാർ ആ പൊയ്കയിൽ ജലക്രീഡ നടത്തുന്നു! സൈനികർ അവരോടു പറഞ്ഞു. 'മാറിക്കൊള്ളുവിൻ! ദുര്യോധന മഹാരാജാവും പരിവാരങ്ങളും ഈ സരസ്സിൽ ക്രീഡയ്ക്കായി എഴുന്നള്ളുന്നു!'

'ആര്!' ഗന്ധർവന്മാർ പൊട്ടിച്ചിരിച്ചു. 'ഈ മഹാവനത്തിലെ സരസ്സ് ആ രാജാവിന്റെ വകയല്ല. ഞങ്ങളോടു കല്പിക്കാൻ ആരാണവൻ? വെറുതേ ചാകാൻ

**ദിവ്യരൂപികളായ കുറെ ഗന്ധർവന്മാർ ആ പൊയ്കയിൽ ജലക്രീഡ നടത്തുന്നു! സൈനികർ അവരോടു പറഞ്ഞു. 'മാറിക്കൊള്ളുവിൻ! ദുര്യോധന മഹാരാജാവും പരിവാരങ്ങളും ഈ സരസ്സിൽ ക്രീഡയ്ക്കായി എഴുന്നള്ളുന്നു!'**

നിൽക്കണ്ടാ. പൊയ്ക്കൊള്ളുവിൻ.'

സൈനികൻ ചെന്നു വിവരമറിയിച്ചപ്പോൾ ദുര്യോധനാദികൾ ക്രുദ്ധരായി 'ആരാണവർ! സാക്ഷാൽ ദേവേന്ദ്രനും കൂട്ടരുമാണെങ്കിലും ആട്ടിയോടിക്കിൻ!'

സൈന്യം യുദ്ധസന്നദ്ധരായി മുന്നോട്ടുനീങ്ങി. ആ വരവുകണ്ട് ഗന്ധർവന്മാർ തങ്ങളുടെ രാജാവായ ചിത്രസേനനോട് ആജ്ഞവാങ്ങി അവരോടെതിരിട്ടു. ഗന്ധർവന്മാരുടെ അസ്ത്രവർഷം താങ്ങാനാവാതെ ദുര്യോധനസൈന്യം തിരിഞ്ഞോടുന്നതുകണ്ട് വീരനായ കർണൻ തേരേറി കുലവില്ലുമായി അവരെ എതിരിട്ടു. കാട്ടിലെങ്ങും യുദ്ധകോലാഹലം മുഴങ്ങി. കർണാസ്ത്രങ്ങൾ ഗന്ധർവന്മാരെ നിരക്കെ വീഴ്ത്തുന്നതുകണ്ട് ഉത്സാഹത്തോടെ ദുര്യോധനനും ദുശ്ശാസനനും ശകുനിയുമെല്ലാം തേരേറിവന്ന് യുദ്ധമാരംഭിച്ചു. ഭയങ്കരമായ ആ ഏറ്റുമുട്ടലിൽ ആയിരക്കണക്കിനു പടയാളികൾ മുറിവേറ്റുവീണു, ക്രുദ്ധനായ ചിത്രസേനൻ കർണനോടേറ്റുമുട്ടി. ഗന്ധർവന്മാർ ചുഴന്നുനിന്ന് ആയുധങ്ങൾ വർഷിച്ചുവെങ്കിലും കുലുങ്ങാതെ മലപോലെ നിന്നു പോരാടിയ കർണൻ തളർന്നുതുടങ്ങി, ചിത്രസേനൻ കർണന്റെ സൂതനെ കൊന്നുവീഴ്ത്തി, കൊടിമരം മുറിച്ചിട്ടു, കുതിരകളെ കൊന്നു, തേരു തകർത്തു– വാളും പരിചയുമായി താഴെച്ചാടിയ രക്താഭിഷിക്തനായ കർണൻ വികർണന്റെ തേരിൽ കയറി പോർക്കളത്തിൽനിന്ന് ഒഴിഞ്ഞ് മാറിയകന്നുപോയി. കർണൻ പോയതോടെ ഗന്ധർവന്മാർ ദുര്യോധനന്റെയും ദുശ്ശാസനന്റെയും തേരുകൾ ചുഴന്ന് ആയുധങ്ങൾ വർഷിച്ചു. പരിഭ്രാന്തരായ ദുര്യോധനന്റെയും ദുശ്ശാസനന്റെയും തേരുകളിൽ ചാടിക്കയറിയ ചിത്രസേനൻ അവരുടെ തലമുടിക്കു ചുറ്റിപ്പിടിച്ച് വലിച്ചിഴച്ച് താഴെയിട്ട് ബന്ധിച്ചു. കൂടെയുള്ള ബന്ധുമിത്രാദികളെല്ലാം ബന്ധിതരായി. ഗന്ധർവന്മാർ ആർത്തലച്ചുവരുന്നതു കണ്ട് ശേഷിച്ചസൈന്യം ഉടഞ്ഞു ചിതറിയോടി– ഗന്ധർവന്മാർ കൂടാരങ്ങളിൽ പ്രവേശിച്ച് ഉറക്കെക്കരയുന്ന രാജപത്നിമാരെ പിടിച്ചുകൊണ്ടുപോയി. ഇതെല്ലാം കണ്ട ദുര്യോധനഭൃത്യന്മാർ നിലവിളിച്ചുകൊണ്ട് കാട്ടിനുള്ളിലേക്ക് ഓടിപ്പോയി. (തുടരും)



വര: ജയേന്ദ്രൻ

# ഇളം തളിര്

ഇളംതളിരിലേക്ക് രചനകൾ അയയ്ക്കൂ. സമ്മാനങ്ങൾ നേടൂ... നിങ്ങളുടെ കഥകളും കവിതകളും സുഗതകുമാരി ടീച്ചറിന്റെ തിരുത്തലുകളോടെയാണ് പ്രസിദ്ധീകരിക്കുന്നത്.

## മലയാളം മറക്കുന്ന മലയാളി

**ജി എസ് കൃഷ്ണേന്ദു, ക്ലാസ്സ്: 8 എ, ജി എച്ച് എസ് എസ് വാക്കനാട്, കൊല്ലം**





വര: ഗോപു പട്ടിത്തറ

ഗീതു മുറ്റമെല്ലാം അടിച്ച് അതിനെക്കുറിച്ചു സ്വയം ഒരവലോകനം നടത്തിക്കൊണ്ടിരിക്കെയാണ് കാറു വന്നത്. അവളോടിപ്പോയി ഗേറ്റ് തുറന്നു. അമേരിക്കയിൽ ജോലി ചെയ്യുന്ന ശങ്കരവല്യമ്മാമയാണ്. വല്യമ്മാമ നാട്ടിൽ അവധിക്കുവന്ന കാര്യം രാവിലെ അമ്മ പറഞ്ഞിരുന്നു. കാറുതുറന്ന് വല്യമ്മാമ പുറത്തിറങ്ങി. കോട്ടും സ്യൂട്ടുമൊക്കെയായി നല്ല ഗമയുണ്ട്. വല്യമ്മാമ ഗീതുവിനെ നോക്കി ചിരിച്ചു. എന്നിട്ട് ഉമ്മറത്തേക്കു കയറി. അപ്പോഴേക്കും അച്ഛനും അമ്മയും മുത്തശ്ശീം ഉമ്മറത്തെത്തിയിരുന്നു. അവർ അതിഥികളെ അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. കൈകാലുകൾ കഴുകിയശേഷം ഗീതു അകത്തേക്കു ചെന്നു. വല്യമ്മാമ ഉറക്കെ സംസാരിക്കുന്നുണ്ട്. കൂടെക്കൂടെ പൊട്ടിച്ചിരിക്കുന്നുമുണ്ട്. ഇംഗ്ലീഷിലാണ് സംസാരം. ഗീതുവിനൊന്നും മനസ്സിലായില്ല. അച്ഛനും അമ്മയും വല്യമ്മാമയ്ക്കൊപ്പം ചിരിക്കാൻ നോക്കുന്നുണ്ട്. മുത്തശ്ശി മിഴുങ്ങസ്യാന്ന് ഇരിക്കുന്നു. മുത്തശ്ശിക്കും ഒന്നും മനസ്സിലാവുന്നുണ്ടാവില്ല. ആ നീരസം മുഖത്തു വായിക്കാം. വല്യമ്മാമ അതൊന്നും ശ്രദ്ധിക്കാതെ വർത്തമാനം തന്നെ.

പെട്ടെന്ന് മുത്തശ്ശി ചോദിച്ചു. ‘‘ന്താ, ശങ്കരാ, യ്യ മലയാളം നിശ്ശേഷം മറന്നോ?’’

‘‘സോറി, എനിക്കിപ്പോ ഇംഗ്ലീഷേ വരുന്നുള്ളൂ. മലയാളം കംപ്ലീറ്റായിട്ട് മറന്നൂന്ന് പറയാം.’’

മുത്തശ്ശിക്കു ദേഷ്യം വന്നു:

‘‘ന്തായ്യ പറയണത്? സ്വന്തം ഭാഷ മറക്കാന്ന് വച്ച പെറ്റമ്മയെ മറക്കുംമ്പോലല്ലേ? നല്ല രണ്ട് പെടതരാ വേണ്ടത്...’’

എന്തോ തമാശ കേട്ടതുപോലെ വല്യമ്മാമ ചിരിച്ചു.

‘‘ചിരിക്കണ്ട. ഞ്ഞിപ്പോ ഇംഗ്ലീഷിൽ തന്നെ പറഞ്ഞോ... അല്ലെങ്കി അവിടെ എത്തുമ്പോഴേക്കും ആ ഭാഷ മറന്നാലോ!’’

വല്യമ്മാമയുടെ മുഖത്ത് അപ്പോൾ ചിരി ഉണ്ടായിരുന്നില്ല.

# തേരട്ട

**നജിയ്യാ ഷിറിൻ, ക്ലാസ്സ്: 6 ഇ,**
**ജി എച്ച് എസ് എസ് കുറ്റിക്കാട്ടൂർ,**
**കോഴിക്കോട് - 673008**

മണ്ണിലും ചുമരിലുമൊക്കെ കാണും
ഞാനൊരു വിരുതൻ തേരട്ട
ആരൊന്നെന്നെ തൊട്ടാൽ പിന്നെ
ചുരുളും വൃത്തം പോലെ
പിന്നെ, പിന്നെ നീണ്ടു വരും ഞാൻ
മെല്ലെ നടന്നു നീങ്ങും
കാലുകളനവധി ഉണ്ടല്ലോ
എണ്ണിത്തീരാൻ കഷ്ടാണേ.



# മരവും ഞാനും

**ഗൗതംകൃഷ്ണ, ക്ലാസ്സ്: 6 എ,**
**ജവഹർ നവോദയ വിദ്യാലയ,**
**കൊട്ടാരക്കര, കൊല്ലം - 691531**



മിഴികൾ തുറന്നു ഞാനാദ്യമായ് കണ്ടതീ
വൻമരച്ചില്ലകളത്രേ.
ഇലച്ചാർത്തിനിടയിലായ് തീർത്തൊരാ
നീഡത്തി-
ലിരുൾ തിങ്ങിവാണൊരുകാലം
ബാല്യവും, കൗമാര, യൗവനദശകളും
പിന്നെയീ മങ്ങിയ വാർദ്ധക്യവും
എല്ലാം കഴിഞ്ഞതീ വൻമരച്ചില്ലയിൽ
എന്തിനും താങ്ങായതീ ശിഖരം
പൈദാഹം തീർത്തതും പ്രണയങ്ങൾ
പൂത്തതും
എന്തിനും താങ്ങായതീ ശിഖരം
നിലതെറ്റി വീണൊരീ വൻമരത്തിൽനിന്നും
നിലയില്ലാതലയുന്നു പക്ഷിജാലം
താങ്ങായ്, തലോടലായ്, തണലായ്,
തണുപ്പായി
പോറ്റിയ വൃക്ഷമാതേ നിനക്കായ്
കണ്ണുനീർ പൂക്കളാൽ പൂജ ചെയ്യാം
അല്ലാതെ പഥികൻ ഞാൻ എന്തു നൽകാൻ?



# ബലൂൺ മൊബൈൽ കവർ

അരവിന്ദ് ഗുപ്ത

ബലൂൺ കൊണ്ട് മൊബൈൽ കവർ നിർമിച്ചപ്പോൾ



**ആവശ്യമുള്ള സാധനങ്ങൾ**

- മൊബൈൽ ഫോണുകൾ
- ബലൂണുകൾ

സുന്ദരമായ മൊബൈൽ കവറുണ്ടാക്കി കൂട്ടുകാർക്കു സമ്മാനമായി നൽകൂ....



1 വായു നിറച്ച ഒരു ബലൂണിനു മേൽ ഒരു മൊബൈൽ ഫോൺ വയ്ക്കുക. പതുക്കെ ബലൂണിൽ നിന്നും വായു സാവധാനം പുറത്തേക്കു വിടുക.



2 മൊബൈലിനെ ബലൂണിലേക്ക് അമർത്തിക്കൊണ്ട് വീണ്ടും വായു പുറത്തേക്കു വിടുക.

3 ഇത് ആവർത്തിക്കുക.



4 കൂടുതൽ ശക്തിയോടെ മൊബൈലിനെ അമർത്തി വായു പുറത്തേക്കു വിടുക.



5 മൊബൈലിന്റെ പകുതിയോളം ബലൂണിനാൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്നതു നോക്കൂ.




6 ബലൂണിൽ നിന്നും പൂർണമായും വായു നീക്കം ചെയ്തശേഷം മൊബൈലിന്റെ താഴ്ഭാഗം ബലൂൺ കൊണ്ട് പൊതിയുക.



7 മൊബൈലിന്റെ പുറകുവശം നോക്കൂ.



8 ചെറിയ ബലൂൺ ഊതി വീർപ്പിക്കുക. കണ്ണും മൂക്കും ചുണ്ടും ഒക്കെ വരയ്ക്കൂ. പൊട്ടുകുത്തി സുന്ദരിയാക്കൂ.



9 നോക്കൂ. എത്ര സുന്ദരമായ കവറുകൾ.






Printed and Published by **Dr. Nedumudi Harikumar** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

# അക്ഷരചിത്രം

**ഭരണിക്കാവ് കൃഷ്ണൻ**

**ര** കൊണ്ട് രമേശ് ചെന്നിത്തലയെ വരയ്ക്കാം.



## ആഫ്രിക്കൻ നാടോടിക്കഥകൾ




ആഫ്രിക്കൻ നാടുകളിൽ പ്രചാരത്തിലുള്ള 62 നാടോടിക്കഥകളുടെ സമാഹാരം. കുട്ടികൾക്കായി കവി ഡി വിനയചന്ദ്രൻ നടത്തിയ അവസാനരചന.

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

പേജ് 144
വലിപ്പം ഡിമൈ 1/8
വില ₹125

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017
RNI No. 20076/70
Regd KL/TV (N)/399/2015-2017
February 2015
Published on 29-1-2015 Vol:21, Issue:2 ₹15




# തളിര് വായനാമത്സരം

## 2015 ഫെബ്രുവരി 15 വരെ

- ഓരോ സ്കൂളിലും ഇരുപതുവരിക്കാരിൽ ഒരാൾക്കു വീതം സമ്മാനം
- വിജയികൾക്ക് 600രൂപയുടെ പുസ്തകക്കൂപ്പൺ
- കേരളത്തിലെ പ്രമുഖപുസ്തകശാലകളിൽ നിന്നും ഈ കൂപ്പൺ ഉപയോഗിച്ച് 600രൂപയുടെ ഇഷ്ടപുസ്തകങ്ങൾ സ്വന്തമാക്കാം.
- 2014 ജനുവരി മുതൽ ഡിസംബർ വരെയുള്ള ലക്കങ്ങളെ ആസ്പദമാക്കിയായിരിക്കും ചോദ്യങ്ങൾ.